

Printed & Published by H.G. Dr. Yohanon Mar Chrisostomos Metropolitan on behalf of President, OCYM, St.Thomas Bhavan, Kottayam - 01
Chief Editor : Fr.Thomas Raju, Karuvatta Publisher : Fr. John T. Samuel Head Office : St.Thomas Bhavan, Chungom, Kottayam
Ph: 0481 2583997



# ഓർത്തഡോക്സ് യുവജനം

വാല്യം 10
ലക്കം 03

## ത്രൈമാസിക

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

# ഉള്ളടക്കങ്ങളിലൂടെ

ഓർത്തഡോക്സ് യുവജനം ത്രൈമാസിക


1 **പരുമല തിരുമേനി മലങ്കരയുടെ മാണിക്യം**
ഡോ.എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത

2 **ദലിതരുടെ വിമോചകൻ**
ഫാ.ഗീവർഗ്ഗീസ് കോശി

3 **വിശുദ്ധനായ എഴുത്തുകാരൻ**
തകഴി ശിവശങ്കരപ്പിള്ള

4 **പരുമല തിരുമേനി ആത്മീയമായ ഒരത്ഭുതം**
ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ

5 **കുടുംബം : വിട്ടുപോകാനും തിരിച്ചുപോകാനും ഒരിടം**
ഡോ.റോസി തമ്പി

6 **തീർത്ഥാടനം**
ഫാ.ഫിലിപ്പ് തരകൻ

7 **സ്ക്രീനിൽ തെളിയുന്ന ന്യൂജെൻ ആത്മീയത**
നിതിൻ സാമുവേൽ

8 **പരിശുദ്ധന്റെ ജീവിതം**
ജോജി പി.തോമസ്

9 **മനുഷ്യാവകാശങ്ങൾ ഇന്ത്യയിൽ**
അഡ്വ.ബിജോ മാത്യു ജോയി

10 **ക്യാൻസർ എങ്ങനെ തടയാം?**
ഡോ.റൂബി രാജു



# ഓർത്തഡോക്സ് യുവജനം ത്രൈമാസിക

ഓർത്തഡോക്സ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം



വിലാസം : ഓർത്തഡോക്സ് യുവജനം
സെന്റ്തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയസെമിനാരി റോഡ്, ചുങ്കം, കോട്ടയം -1
ഫോൺ: 0481 2583997
email: orthodoxyuvajanam1936@gmail.com
facebook:ocymmediawing



എഡിറ്റോറിയൽ ബോർഡ്

*പ്രസിഡന്റ്*
**ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത**
*വൈസ്പ്രസിഡന്റ്*
**ഫാ. വർഗ്ഗീസ് ടി. വർഗ്ഗീസ്**
*ജനറൽ സെക്രട്ടറി*
**ഫാ. അജി കെ. തോമസ്**
*ട്രഷറർ*
**ജോജി പി. തോമസ്**
*ചീഫ് എഡിറ്റർ*
**ഫാ. തോമസ് രാജു, കരുവാറ്റ**
*പബ്ലിഷർ*
**ഫാ. ജോൺ ടി. ശാമുവേൽ**
*ബോർഡ് അംഗങ്ങൾ*
**ലെനി ജോൺ പോരുവഴി**
**ടിൻജു ശാമുവേൽ പനംകുറ്റിയിൽ**



**ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത**

## പ്രസിഡന്റിന്റെ കത്ത്

*ദൈവ തിരുനാമത്തിനു മഹത്വം*
*ക്രിസ്തുയേശുവിൽ സ്നേഹവന്ദനം*

പരിശുദ്ധ പരുമല തിരുമേനിയുടെ 117–ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് നമ്മുടെ മാസികയുടെ ഒരു പതിപ്പ് ഇറങ്ങുന്നു. മുൻപതിവനുസരിച്ച് കൊടിയേറ്റനാൾ (ഒക്ടോബർ 26) വൈകിട്ട് 5 മണിക്ക് 144 മണിക്കൂർ നീണ്ടുനിൽക്കുന്ന അഖണ്ഡപ്രാർത്ഥന ആരംഭിക്കും. കഴിഞ്ഞ അനേക വർഷങ്ങളായി നാം ആത്മാർത്ഥമായി ഏറ്റെടുത്തു നടത്തിവരുന്ന ഒരു അനുഗ്രഹീത ആത്മീയ ശുശ്രൂഷയാണിത്. ഈ നാളുകൾ പരിശുദ്ധ സഭയ്ക്കുവേണ്ടിയും കൂടി പ്രത്യേകം പ്രാർത്ഥിക്കുവാൻ വേർതിരിക്കണം. പ.പിതാക്കന്മാരുടെ കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥനയുടെ ഫലം നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. അവർ സ്വപ്നം കണ്ട ഭാരതത്തിലെ സ്വതന്ത്ര ഓർത്തഡോക്സ് സഭ എന്ന യാഥാർത്ഥ്യം എത്രയും പെട്ടെന്നു സഫലീകൃതമാകട്ടെ. ഒക്ടോബർ 27–ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് (2.30 pm) മുൻ പതിവുപോലുള്ള യുവജന സംഗമവും പരുമലയിൽ ഉണ്ടാകും. പ്രസിദ്ധ മാധ്യമ പ്രവർത്തകനായ ശ്രീ. ജോണി ലൂക്കോസ് മുഖ്യസന്ദേശം നൽകും.

പരി.പരുമല തിരുമേനി ഇളംതലമുറയ്ക്ക് നൽകുന്ന ശ്രദ്ധേയമായ പല ഉപദേശങ്ങളുണ്ട്. തിരുമേനിയോട് നമുക്കുള്ള സ്നേഹവും ആദരവും നാം പ്രകടമാക്കേണ്ടത് അദ്ദേഹത്തിന്റെ പ്രബോധനങ്ങളെ പാലിക്കുന്നതിലൂടെയാകുന്നു. അതിൽ ഒന്ന് എടുത്തു പറയട്ടെ.

നിങ്ങൾ സദാനേരവും വേദവ്യാഖ്യാനങ്ങൾ വായിക്കുകയും നിങ്ങളുടെ പിതാക്കന്മാരായ ഞങ്ങൾക്കു നിങ്ങളുടെ നിമിത്തം ദൈവത്തിന്റെ സന്നിധിയിലും മനുഷ്യരുടെ മുമ്പാകെയും ബഹുമാനവും യശ്ശസ്സും വർദ്ധിപ്പാനായി നല്ലവണ്ണം നടക്കുകയും നിങ്ങളുടെ പിതാക്കന്മാരുടെ ചൊല്ലുവിളിയെ പിന്തുടരുകയും വേണം.

ഈ ഉപദേശം നാം ഗൗരവപൂർവ്വം കാണണം. പ്രാവർത്തികമാക്കുവാൻ പരമാവധി പരിശ്രമിക്കണം. ദൈവാശ്രയബോധം, അനുസരണം, അച്ചടക്കം നമ്മുടെ അടിസ്ഥാന സ്വഭാവങ്ങളായിത്തീരണം. അതുകൊണ്ടാണ് പിതാക്കന്മാർ നമ്മുടെ പ്രസ്ഥാനത്തിന് ആരാധന– പഠനം–സേവനം എന്നീ ആപ്തവാക്യം തന്നത്. പല യൂണിറ്റുകളും സേവനപരമായ പല നല്ലപ്രവർത്തികളും ചെയ്യുന്നുണ്ട്. എന്നാൽ അത്രയും തീക്ഷ്ണത ആരാധന – പഠന കാര്യങ്ങളിൽ കാണുന്നില്ല എന്ന സത്യം എല്ലാവരും അംഗീകരിക്കും എന്നു കരുതുന്നു. ഒന്നാമതു ആരാധനാ – പ്രാർത്ഥനാ

ദൈവാശ്രയബോധം, അനുസരണം, അച്ചടക്കം നമ്മുടെ അടിസ്ഥാന സ്വഭാവങ്ങളായിത്തീരണം. അതുകൊണ്ടാണ് പിതാക്കന്മാർ നമ്മുടെ പ്രസ്ഥാനത്തിന് ആരാധന - പഠനം - സേവനം എന്നീ ആപ്തവാക്യം തന്നത്. പല യൂണിറ്റുകളും സേവനപരമായ പലനല്ല പ്രവർത്തികളും ചെയ്യുന്നുണ്ട്. എന്നാൽ അത്രയും തീക്ഷ്ണത ആരാധന - പഠന കാര്യങ്ങളിൽ കാണുന്നില്ല എന്ന സത്യം എല്ലാവരും അംഗീകരിക്കും എന്നു കരുതുന്നു.



ഹാപ്പിനെസ്സ് ഡിപ്പാർട്ട്മെന്റ് ആരംഭിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം?
മധ്യപ്രദേശ്

ജീവിതം ആരാധനാനുഭവങ്ങളിലൂടെ ആർജ്ജിച്ചെടുക്കുന്ന ദൈവീക ദർശനം പഠനത്തിലൂടെ ബലപ്പെട്ടു സേവന രംഗത്തു വ്യാപിപ്പിക്കുമ്പോഴാണ് അർത്ഥപൂർണ്ണ മാകുന്നത്. സേവനം കൊണ്ടു മാത്രം തൃപ്തിപ്പെടാതെ മറ്റു രണ്ടു ഘടകങ്ങൾകൂടി ഗൗരവ പൂർവ്വമെടുക്കണം. നമ്മുടെ ആരാധനാ ആത്മീയ ജീവിതം ദൈവസന്നിധിയിൽ സൗരഭ്യ വാസനയായി പരിണമിക്കണം.

83–ാമതു രാജ്യാന്തര സമ്മേളനം ഒക്ടോബർ 5 മുതൽ 7 വരെ ബോംബെ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ റോഹായിലുള്ള ഗ്രീഗോറിയൻ കമ്മ്യൂണിറ്റി കേന്ദ്രത്തിൽ വച്ചു നടന്നു. അഭി.കൂറിലോസ് തിരുമേനി പൂർണ്ണസമയം ക്യാമ്പിൽ താമസിച്ചു നേതൃത്വം നൽകി. എന്നു മാത്രമല്ല, ക്യാമ്പിൽ പങ്കെടുത്തവർക്കു ബോംബെ കാണുവാനുള്ള സൗകര്യം ഒരുക്കിയിരുന്നു. അഭിവന്ദ്യ തിരുമേനിയുടെ 70–ാം ജന്മദിനം നമ്മോടൊപ്പം വളരെ ലളിതമായി കൊണ്ടാടുകയുമുണ്ടായി. ഗണ്യമായ തുക ചെലവഴിച്ചതും നാം നന്ദിപൂർവ്വം സ്മരിക്കണം. തിരുമേനിയോടും ഭദ്രാസനത്തോടും ഭദ്രാസനം OCYMനോടുമുള്ള കടപ്പാട് പ്രാർത്ഥനാപൂർവ്വം അറിയിക്കുന്നു. അഭി.യൂലിയോസ് തിരുമേനിയും പൂർണ്ണസമയം കൂടെയുണ്ടായിരുന്നത് അനുഗ്രഹമായിരുന്നു. അഭി. ദീവന്നാസ്യോസ് തിരുമേനി ഒരു സന്ധ്യയിലും ഉണ്ടായിരുന്നു. ക്യാമ്പ് അനുഗ്രഹമാക്കുവാൻ അനേകർ ഏറെ അദ്ധ്വാനിച്ചു പണം ചെലവഴിച്ചു. ആയതിനു ആനുപാതികമായി പ്രയോജനപ്പെടുത്തുവാൻ നമുക്കു കഴിഞ്ഞോ എന്നത് സ്വയംപരിശോധനയ്ക്കു വിഷയമാക്കണം. പള്ളികളേയും യൂണിറ്റുകളേയും പ്രതിനിധാനം ചെയ്യുവാൻ പള്ളിച്ചിലവിൽ സംബന്ധിച്ചവർ ചിന്തിക്കേണ്ട വിഷയമാണിത്.

2019–20 ലെ കലാമേള 2010 ജനുവരി രണ്ടാംശനിയാഴ്ച കൊട്ടാരക്കര–പുനലൂർ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടക്കും. ഈ വർഷത്തെ പരീക്ഷ ജനുവരിയിലെ മൂന്നാംശനിയാഴ്ച ആയിരിക്കും. കൂടുതൽ അംഗങ്ങൾ പരീക്ഷ എഴുതുവാൻ ഉത്സാഹിക്കണമെന്നു ഓർമ്മിപ്പിക്കുന്നു. OCYM എക്സിക്യൂട്ടീവ് അംഗങ്ങൾ കൂപ്പൺ വിതരണത്തിലൂടെ നടത്തുന്ന ധനശേഖരണം പൂർത്തിയാകുന്നു. കേരളത്തിനുള്ളിലെ 20 ഭദ്രാസനങ്ങളിൽനിന്നും OCYM ഭദ്രാസന കമ്മിറ്റി തെരഞ്ഞെടുക്കുന്ന 2 പേർക്കുള്ള (ഒരു യുവാവും ഒരു യുവതിയും) പഠന സഹായ പദ്ധതിയാണ്. കലാമേള, പരീക്ഷാ പഠനസഹായം എന്നിവയുടെ പൂർണ്ണവിവരം ജനറൽ സെക്രട്ടറി അറിയിക്കുന്നതായിരിക്കും.

കഴിഞ്ഞ വർഷം ആരംഭിച്ച ദശാംശപദ്ധതി ഈ വർഷവും വിജയകരമാക്കുവാൻ സഹകരിക്കണമെന്നോർമ്മിപ്പിക്കുന്നു. അമേരിക്കയിലെ സാൻഫ്രാൻസിസ്കോ ഇടവകയുടെ സഹകരണത്തോടെ നടന്നുവന്നിരുന്ന പെൻഷൻ പദ്ധതി അവർ നിർത്തിയതിനാൽ തുടർന്നുകൊണ്ടു പോകുവാൻ കഴിയുന്നില്ല. എങ്കിലും 2019 ലെ ക്രിസ്തുമസ്സിനോടനുബന്ധിച്ച് എല്ലാവർക്കും അയ്യായിരം രൂപാവീതം ക്രിസ്തുമസ് മെഡിക്കൽ ഗിഫ്റ്റായി നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

ഭദ്രാസന റീജിയണൽ ഡിസ്ട്രിക്റ്റ് യൂണിറ്റുതല പ്രവർത്തനങ്ങൾ സജീവമാക്കുവാൻ ചുമതലപ്പെട്ടവർ ശ്രദ്ധിക്കണം. യൂണിറ്റ് രജിസ്ട്രേഷൻ പൂർത്തിയാക്കുവാനുള്ളവർ അതും എത്രയും വേഗം ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ,

പ.പരുമലത്തിരുമേനിയുടെ മദ്ധ്യസ്ഥത കൂടെയിരിക്കട്ടെ. അദ്ദേഹത്തിന്റെ പ്രബോധന ശകലം നമ്മുടെ അന്തരാത്മാവിൽ നിരന്തരം മുഴങ്ങട്ടെ, മനസാക്ഷിയെ തട്ടിയുണർത്തട്ടെ.

പ്രാർത്ഥനയോടെ

എളിയ

**മാർ യൂഹാനോൻ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ**

ബി.സി.സി.ഐ യുടെ എത്രാമത്തെ പ്രസിഡന്റാണ് സൗരവ് ഗാംഗുലി?

39

# വിശുദ്ധിയുടെ സൗരഭ്യം



**ഫാ.തോമസ് രാജു**
ചീഫ് എഡിറ്റർ

**ഭാ**രത സഭയ്ക്കും അഖിലലോകർക്കും വിശുദ്ധിയുടെ പരിമളം പരത്തുന്ന താപസ ശ്രേഷ്ഠനായ പരുമല മാർ ഗ്രീഗോറിയോസ് പിതാവിന്റെ പ്രാർത്ഥനാ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട് ജനസഹസ്രങ്ങൾ തീർത്ഥാടകരാകുന്ന പുണ്യദിനങ്ങളാണ് ഈ നാളുകൾ....

ആകർഷിക്കപ്പെടുവാനും ശ്രദ്ധിക്കപ്പെടുവാനുമായി ആളുകൾ ഏറെ പണിപ്പെടുന്ന ഒരു കാലഘട്ടത്തിൽ ഒരു മനുഷ്യന് പ്രാർത്ഥനയും പരസ്നേഹവും കൊണ്ട് മാത്രം ഇത്രത്തോളം മനുഷ്യരെ സ്വാധീനിക്കുവാൻ കഴിയുമെന്ന് നമ്മെപഠിപ്പിച്ച യുഗപുരുഷനാണ് കൊച്ചുതിരുമേനി.

ഒരാൾ അവശേഷിപ്പിക്കുന്ന നന്മയാണ് അയാളുടെ ശരിയ്ക്കുമുള്ള സൗന്ദര്യം എങ്കിൽ പരി.പരുമല തിരുമേനിയുടെ ആത്മീയ സൗന്ദര്യത്തിന്റെ ആഴവും പരപ്പും അളക്കുവാൻ ആർക്കാണ് സാധിക്കുക?.

ഭൂമിശാസ്ത്രപരമായി ദ്വീപായിരുന്ന പരുമല എട്ടുനാടും കീർത്തികേൾക്കുന്ന വിധത്തിൽ ജനസഹസ്രങ്ങളെ കൂട്ടിവരുത്തുന്ന ഇടമായി പരിണമിച്ചതിന് കാരണം സന്യാസത്തിന്റെ വാൽമീകമായ അഴിപ്പുരയിൽ അധിവസിച്ചുകൊണ്ട് പരുമല പിതാവ് രൂപപ്പെടുത്തിയ അതിർവരമ്പുകളില്ലാത്ത ഹൃദയബന്ധങ്ങളാണ്.



വയൽപ്പൂവിന് ശലോമോനെക്കാൾ അഴകെന്ന ക്രിസ്തുമൊഴി അക്ഷരാർത്ഥത്തിൽ സാർത്ഥകമാക്കിയ മിഷൻ ദർശനങ്ങളാണ് പരി.പിതാവ് നടപ്പിലാക്കിയത്.

മനുഷ്യരോടുള്ള ഇഷ്ടമാണ് ദൈവത്തോടുള്ള ആരാധനയെങ്കിൽ ആയത് അതിന്റെ പൂർണ്ണതയിൽ ഈ പിതാവ് നിർവ്വഹിച്ചു.

ആരാലും സ്നേഹിക്കപ്പെടാതെയും കരുതപ്പെടാതെയും വിറങ്ങലിച്ചുനിന്ന അസംഘടിതരെ ദൈവാലയത്തിന്റെ തണലിൽ ചേർത്ത് നിർത്തിയ പരുമല തിരുമേനി കാലത്തിന് പിന്തുടരുവാൻ ശ്രേഷ്ഠമായ മാതൃക നല്കിയ തപോധനനാണ്.

പരി. പൗലോസ് അപ്പോസ്തോലൻ കൊരിന്തിലെ സഭയ്ക്കെഴുതിയ ഒന്നാം ലേഖനത്തിൽ ചോദിക്കുന്ന ഒരു ചോദ്യമുണ്ട് – വിശുദ്ധർ ലോകത്തെ ന്യായം വിധിക്കുമെന്ന് നിങ്ങൾ അറിയുന്നില്ലയോ? (6:2) ഇന്നു വരെയുള്ള ബലഹീനതകൾക്കും വീഴ്ചകൾക്കും പിഴകൾക്കുമായി ദൈവത്തോടും സഹജീവികളോടും മാപ്പിരന്നുകൊണ്ട് ഈ തീർത്ഥാടനകാലം ശുഭകരമാകാൻ പ്രാർത്ഥിക്കാം.

പരി.പരുമല തിരുമേനിക്ക് ശ്രേഷ്ഠത നല്കിയ വി.ത്രിത്വത്തിന് അനവരതമായ സ്തുതികളും കുറഞ്ഞുപോകാത്ത സ്തോത്രങ്ങളുമർപ്പിച്ചുകൊണ്ട്........

ദൈവമേ പരി.പരുമല തിരുമേനിക്കുള്ള സ്വർഗ്ഗീയ ഓഹരിയ്ക്ക് ഞങ്ങളെയും അർഹരാക്കേണമേ.....

എന്ന്

പ്രാർത്ഥിച്ചുകൊണ്ട്

**ഫാ.തോമസ് രാജു കരുവാറ്റ**
ചീഫ് എഡിറ്റർ

ആരാലും സ്നേഹിക്കപ്പെടാതെയും
കരുതപ്പെടാതെയും വിറങ്ങലിച്ചുനിന്ന
അസംഘടിതരെ ദൈവാലയത്തിന്റെ
തണലിൽ ചേർത്ത് നിർത്തിയ
പരുമല തിരുമേനി
കാലത്തിന് പിന്തുടരുവാൻ
ശ്രേഷ്ഠമായ മാതൃക
നല്കിയ തപോധനനാണ്.



കേരളത്തിൽ ലക്ഷംവീട് പദ്ധതി ആവിഷ്ക്കരിച്ചത്?
എം.എൻ.ഗോവിന്ദൻ നായർ

വേണാട് രാജാക്കന്മാരുടേതായി ലഭിച്ചിട്ടുള്ള ആദ്യശാസനം?
തരീസാപ്പള്ളി ചെപ്പേടുകൾ

ജനറൽ സെക്രട്ടറിയുടെ കത്ത്

# പ്രകാശമുള്ള ബോധം



പ്രിയ സഹപ്രവർത്തകരെ,

വിശ്വപൗരനെന്ന വിശേഷണമുള്ള ഒരാചാര്യനാണ് തിക്ക് നാറ്റ്ഹാൻ. ഈ ആചാര്യൻ 1997ൽ ഇന്ത്യയിൽവന്ന് അന്നത്തെ വൈസ് പ്രസിഡന്റായിരുന്ന ശ്രീ.കെ.ആർ.നാരായണനെ സന്ദർശിച്ചു. അവരുടെ സംഭാഷണത്തിൽ വർദ്ധിച്ചുവരുന്ന ധാർമ്മിക കുറവിനെക്കുറിച്ച് വ്യാകുലപ്പെട്ട ശ്രീ.കെ.ആർ.നാരായണനോട് ഒരേയൊരു പരിഹാരമാണ് ഈ ആചാര്യൻ നിർദ്ദേശിച്ചതിങ്ങനെ. 'രണ്ടു മിനിറ്റ് ദൈർഘ്യം വരുന്ന ഒരു നിശബ്ദത രൂപപ്പെടുത്തണം. അതിനുശേഷം ആരംഭിക്കുവാൻ ശ്രദ്ധിക്കണം.' Mind Fullness പ്രകാശമുള്ള ബോധം. ജോലി ഭാരത്തിനിടയിൽ, പഠനതിരക്കിൽ ജീവിതത്തെ ഒന്ന് മൗനമാക്കി തുടങ്ങുവാൻ ശ്രദ്ധിക്കാം. ക്രിസ്തുവിന്റെ മൗനം പാഠമാക്കാം. 'സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ' എന്ന ഗ്രന്ഥത്തിൽ ലാലി കോളിൻസും ഡൊമിനിക് ലാവിയറും രേഖപ്പെടുത്തി. ആഴ്ചയിൽ ഒരുദിവസം ഗാന്ധിക്ക് മൗനമാണ്. ഏറ്റവും ശക്തമായ തീരുമാനങ്ങൾ എടുക്കുന്ന ദിവസം. ആത്മാവിനെ സ്വയം ശാന്തമാക്കുന്ന ദിവസം.

ആഴമായ മൗനത്തിലൂടെ ദൈവകൃപ ദേശത്തിനും ദേശ നിവാസികൾക്കും നാനാജാതി മതസ്ഥർക്കും സമ്മാനിച്ച താപസശ്രേഷ്ഠന്റെ ഓർമ്മയുടെ പുണ്യനാളുകളിൽ മധ്യസ്ഥതയിൽ അഭയം തേടാം.

പരി.സഭയ്ക്ക് സുവർണ്ണദിനങ്ങളെ സമ്മാനിക്കുവാൻ സധൈര്യം നിലപാടുകൾ എടുക്കുന്ന പരി.കാതോലിക്കാ ബാവ തിരുമേനി ജീവിത തിരക്കിലും ഞാലിയാക്കുഴി ദയറായിൽ എല്ലാ മാസവും നടത്തുന്ന മൗനവൃതമാണെന്നത് അഭിമാനവും മാതൃകാപരവുമാണ്.

83–ാം രാജ്യാന്തര സമ്മേളനം ആതിഥേയ മികവിൽ അനുഗ്രഹപ്രദമാക്കി തീർത്ത ബോംബെ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനി, OCYM ഭദ്രാസന ഭാരവാഹികൾ എല്ലാവരോടും നന്ദി അറിയിക്കുന്നു.

**പരുമലപ്പെരുന്നാൾ അഖണ്ഡ പ്രാർത്ഥന ഒക്ടോബർ 26 മുതൽ നവംബർ 1 വരെ. യുവജന സംഗമം ഒക്ടോബർ 27 ഞായർ 2.30 PM**

പരുമല നേർച്ചവിളമ്പ്, റോഡ് ശുചീകരണം, നിരണം, മാവേലിക്കര, ചെങ്ങന്നൂർ ഭദ്രാസന OCYM നേതൃത്വത്തിൽ.

**വേദപഠനം പരീക്ഷ – യൂണിറ്റ്തലം**
**ജനുവരി 19 ഞായറാഴ്ച**
**കലാമേള ജ്വാല 2020**
**കൊട്ടാരക്കര–പുനലൂർ ഭദ്രാസന ആതിഥേയത്വത്തിൽ ജനുവരി 11 ശനിയാഴ്ച**
*നിബന്ധനകൾ യൂണിറ്റുകൾക്ക് അയച്ച് നൽകുന്നതാണ്.*

ഉരുൾപൊട്ടൽ മേഖലകൾ പ്രസ്ഥാനം പ്രസിഡന്റ് അഭി.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായോടൊപ്പം പ്രസ്ഥാനം കേന്ദ്രഭാരവാഹികൾ സന്ദർശിച്ചു. ആ മേഖലകളിൽ സഹായമായെത്തിയ റീജിണൽ – ഭദ്രാസന യൂണിറ്റ് ഭാരവാഹികളോട് നന്ദി അറിയിക്കുന്നു.

പാലക്കാട് മേഖലകളിൽ ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ കേന്ദ്രസമിതി അംഗം ഉൾപ്പെടെ ഭവനം, വസ്തു എന്നിവ നഷ്ടപ്പെട്ടവരുണ്ട്. അതിനായി 'കൈത്താങ്ങ് 2019' യുവജന ദശാംശപദ്ധതി സാമ്പത്തിക സമാഹരണം നടത്തുകയാണ്. ഒരാഴ്ച യൂണിറ്റ് യോഗ ത്തിലെ സ്തോത്രക്കാഴ്ച അംഗങ്ങളുടെ ദശാംശം എന്നിവ സ്വരൂപിച്ച് നൽകി ഈ സംരംഭം അനുഗ്രഹപ്രദമാക്കണം.

പരി.പരുമല താതന്റെ മധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട്

**ഫാ. അജി കെ. തോമസ്**
ജനറൽ സെക്രട്ടറി



കേരളത്തിൽ ജനകീയാസൂത്രണം തുടങ്ങിയത് എത്രാം പഞ്ചവത്സര പദ്ധതിയിൽ?
ഒൻപത്

പിതാവിൽ നിന്ന്

# പരുമല തിരുമേനി – മലങ്കരയുടെ മാണിക്യം



**ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ**

ഒരുവൻ എന്നെ അനുഗമിക്കുവാൻ ആഗ്രഹിച്ചാൽ തന്നത്താൻ തൃജിച്ച് തന്റെ കുരിശ് എടുത്ത് എന്റെ പിന്നാലെ വരട്ടെ എന്ന കർത്താവിന്റെ ആഹ്വാനം ശ്രവിച്ചവർ ഏറെയാണ്. എന്നാൽ സ്വന്തം ജീവിതത്തെ അപ്രകാരം ക്രമപ്പെടുത്തുന്നവർ വിരളമാണ്. ഈ ആഹ്വാനം ശ്രവിച്ച് സകലവും ഉപേക്ഷിച്ച് കുരിശു ചുമന്ന് കർത്താവിന്റെ പിന്നാലെ പോയി മലങ്കരയുടെ മാണിക്യമായി മാറിയ പിതാവാണ് പരുമല തിരുമേനി. ഈ യാത്ര ചെയ്യേണ്ട വഴി ഇടുങ്ങിയതും ഞെരുക്കമുള്ളതും ആണെന്നും കർത്താവ് പറഞ്ഞിട്ടുണ്ട്. ഇത്ര ചുരുങ്ങിയതും ഞെരുക്കവുമുള്ള ഒരുവഴിയെ കുരിശും ചുമന്നു നടക്കുവാൻ പരി.പരുമലത്തിരുമേനിയെപ്പോലെയുള്ളവരെ പ്രേരിപ്പിച്ചതെന്താണ്?

**ഒന്നാമത്, യേശുക്രിസ്തുവിലും അവൻ പറയുകയും പഠിപ്പിക്കുകയും ചെയ്തവയിലുമുള്ള വിശ്വാസവും ബോധ്യവുമാണ്.** ക്രിസ്തു ഒരു വെറും കഥാപാത്രമോ ഒരു ഗുരുവോ ഒരു ചരിത്ര പുരുഷനോ ഒരു നല്ല മനുഷ്യനോ ഒക്കെയായി വിശ്വസിക്കുകയും വ്യാഖ്യാനിക്കപ്പെടു കയും ചെയ്യുന്നതിൽനിന്നും വ്യത്യസ്ഥമായി അവൻ കർത്താവും ദൈവവുമായി ബോദ്ധ്യ പ്പെട്ടതാണ് ഇങ്ങനെ പിന്നാലെ പോകാനുള്ള പ്രധാന പ്രേരണം പരുമല തിരുമേനിയുടെയും മറ്റു വിശുദ്ധരുടെയും പെരുന്നാൾ നമ്മുടെ മുമ്പാകെ ഉയർത്തുന്നത് ക്രിസ്തു നമുക്ക് ആരാണ് എന്ന പ്രധാന ചോദ്യമാണ് നാം അവനെ അനുഗമിക്കുന്നതിന്റെ കാരണമെന്ത്? ഒരു ക്രൈസ്തവ കുടുംബത്തിൽ നാം ജനിച്ചു എന്നതു മാത്രമാണോ അതിന്റെ കാരണം? അതിനപ്പുറത്തേക്കു കടന്ന് ഈ ചോദ്യത്തിന്റെ ഉത്തരം കണ്ടെത്തേണ്ടതല്ലേ? അവൻ കർത്താവും ദൈവവുമായി നമുക്ക് അനുഭവവേദ്യമാകണം. അവൻ പറഞ്ഞത് സത്യമാണെന്ന് ബോദ്ധ്യപ്പെട്ട് നാം വിശ്വസിക്കണം. അനുഭവവും ബോദ്ധ്യവുമൊക്കെ സ്വാഭാവികമായി സംഭവിക്കുന്നതല്ല. ഒരു അന്വേഷണത്തിന്റെയും പരിശ്രമത്തിന്റെയും അനന്തര ഫലങ്ങളാണ് ബോദ്ധ്യവും അനുഭവവും. നാം അങ്ങനെ ചെയ്യുവാൻ ആഗ്രഹിക്കുകയോ ശ്രമിക്കുകയോ ചെയ്യുന്നുണ്ടോ?

**രണ്ടാമത് ക്രിസ്തുവിന്റെ ഉപദേശവും പഠിപ്പിക്കലും ഉളവാക്കിയ ഒരു ആകർഷണത്തിൽ വിശുദ്ധന്മാർ ആയിട്ടുണ്ട്.** കർത്താവിന്റെ പഠിപ്പിക്കലുകളും ഉപദേശങ്ങളും വിശുദ്ധരായവരിൽ സൃഷ്ടിച്ച ചിന്തകളും ചലനങ്ങളും നാം ശ്രദ്ധിക്കേണ്ടതാണ്. ഇന്ന് നാം അവ വായിക്കുമ്പോൾപോലും അവൻ നേരിട്ട് പറയുന്നതും നാം അടുത്തുനിന്ന് കേൾക്കുന്നതുമായ ഒരു തലം സൃഷ്ടിക്കപ്പെടുന്നുണ്ട്. അവൻ പറഞ്ഞ രീതിശാസ്ത്രവും അതിന്റെ ഉൾക്കാമ്പും നമ്മെ ഉദ്ദീപിപ്പിക്കും. അവൻ പറഞ്ഞ ഉപമകളും മറ്റും ജീവിതഗന്ധിയായി നമുക്ക് അനുഭവപ്പെടും. പരുമലത്തിരുമേനിയുടെ വി.വേദത്തോടുള്ള

> പരുമലത്തിരുമേനിയുടെ വി.വേദത്തോടുള്ള സമീപനം, അതിന്റെ ആഴമായ വായനയും ധ്യാനവും, അവ പഠിക്കുവാനുള്ള താൽപര്യവുമൊക്കെ ക്രിസ്തുവിന്റെ വഴിയേ നടക്കുവാൻ പ്രേരിപ്പിച്ചിട്ടുണ്ട്. നാം എന്തു വായിക്കുന്നു, എന്തു കാണുന്നു എന്നതിനെയൊക്കെ ആശ്രയിച്ചാണ് നമ്മുടെ ചിന്തകൾ രൂപപ്പെടുന്നത്.

കേരളത്തിലെ ആദ്യത്തെ ടൂറിസം വില്ലേജ്?
കുമ്പളങ്ങി

തന്റെ ശരീരത്തെ ദൈവത്തെ പ്രസാദമുള്ള യാഗമായി സമർപ്പിച്ച വിശുദ്ധനാണ് തിരുമേനി. നാം പ്രാർത്ഥിക്കുമ്പോഴും പള്ളിയിൽ പോകുമ്പോഴും തീർത്ഥാടനങ്ങൾ നടത്തുമ്പോഴും എന്തുകിട്ടുമെന്ന ചിന്തയിലാണ് അവ നിർവ്വഹിക്കപ്പെടുന്നത്. തിരികെ നൽകുവാൻ ബാദ്ധ്യതയുണ്ടെന്നാണ് വിശുദ്ധ ജീവിതങ്ങൾ നമുക്ക് നൽകുന്ന പാഠം.

സമീപനം, അതിന്റെ ആഴമായ വായനയും ധ്യാനവും, അവ പഠിക്കുവാനുള്ള താൽപ്പര്യവുമൊക്കെ ക്രിസ്തുവിന്റെ വഴിയേ നടക്കുവാൻ പ്രേരിപ്പിച്ചിട്ടുണ്ട്. നാം എന്തു വായിക്കുന്നു, എന്തു കാണുന്നു എന്നതിനെയൊക്കെ ആശ്രയിച്ചാണ് നമ്മുടെ ചിന്തകൾ രൂപപ്പെടുന്നത്. ചിന്തകളുടെ പ്രതിസ്പന്ദനങ്ങളാണ് ഒരുവന്റെ പ്രവൃത്തിയും ജീവിതവുമൊക്കെ പരുമലത്തിരുമേനിയെപ്പോലെയുള്ളവർ വി. വേദപുസ്തകവും അതിനെ വ്യാഖ്യാനിച്ച പിതാക്കന്മാരുടെ എഴുത്തുകളും വായിക്കുകയും ധ്യാനിക്കുകയും ചെയ്തപ്പോൾ ലഭിച്ച ഇൻസ്പിറേഷൻ നമുക്കു ലഭിക്കുന്നുണ്ടോ? വായിക്കുന്നവർ അതും വചനം നിരന്തരം വായിക്കുന്നവർ എത്രപേരുണ്ട്? മറുവശത്ത് നമ്മുടെ കാഴ്ചകളുടെ എണ്ണം വർദ്ധിക്കുകയല്ലോ? അങ്ങനെ കാഴ്ചകൾ വർദ്ധിക്കുന്നതല്ലേ ദർശനങ്ങൾ കുറയുവാൻ കാരണം? ക്രിസ്തുവിന്റെ ജീവിത ശൈലി ഒക്കെയായിരുന്നു വിശുദ്ധന്മാരുടെ പ്രധാന



ആകർഷണങ്ങൾ. നമുക്ക് എന്നാണ് ക്രിസ്തുവിന്റെ വചനങ്ങൾ വായിക്കുവാനും പഠിക്കാനും ധ്യാനിക്കുവാനും ഒരു സാവകാശമുണ്ടാവുക? നമ്മുടെ ജീവിതത്തിന്റെ പ്രേരകങ്ങളായി ഇവയൊക്കെ എന്നാണ് ആയിത്തീരുക?

**മൂന്നാമത്, ക്രിസ്തു മനുഷ്യത്വത്തിന്റെ മുമ്പാകെ വച്ച ലക്ഷ്യം ഏറ്റവും മഹനീയവും ശ്രേഷ്ഠ വുമായി വിശുദ്ധർക്ക് ബോധ്യപ്പെട്ടിട്ടുണ്ട്.** അവൻ നമ്മുടെ മുമ്പാകെ വച്ചത് നിത്യജീവന്റെ, സ്വർഗ്ഗരാജ്യത്തിന്റെ രക്ഷയുടെ ലക്ഷ്യങ്ങളാണ്. ഇതിലും പരമവും ശ്രേഷ്ഠവുമായ ഒരു ലക്ഷ്യം എന്ന തിരിച്ചറിവാണ് ക്രിസ്തു കാട്ടിയ വഴി യിലൂടെ ലക്ഷ്യപ്രാപ്തിയിലെത്താൻ വിശുദ്ധരെ പ്രേരിപ്പിച്ചത്. അവൻ പറഞ്ഞത് സ്വർഗ്ഗസ്ഥനായ പിതാവിന്റെ സൽഗുണ പൂർണ്ണതയിലേക്കു വളരണമെന്നാണ്. വിശുദ്ധരുടെ ലക്ഷ്യം ഇതുതന്നെയായിരുന്നു. അവർ വിശുദ്ധരായതുകൊല്ല, അങ്ങനെ തീരുമാനിച്ചത് പ്രത്യുത, ഈ യാത്രയിൽ സംഭവിച്ച സ്വാഭാവിക പരിണാമമാണ് അവരുടെ വിശുദ്ധി. സ്വർഗ്ഗരാജ്യമെന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയ്ക്കു മാത്രമേ ഒരുവനെ വിശുദ്ധനാക്കുവാൻ പ്രാപ്തി നൽകുകയുള്ളു. ഈ പിതാവിനെ അനുസ്മരിക്കുമ്പോൾ നാം നമ്മോടുതന്നെ ചോദിക്കേണ്ട അടുത്തചോദ്യം നമ്മുടെ ലക്ഷ്യത്തെക്കുറിച്ചും ലക്ഷ്യബോധത്തെക്കുറിച്ചുമാണ്. വളരെ വിശാലമായതും അനേകർ സഞ്ചരിക്കുന്നതുമായ വഴി മരണത്തിലേക്കും അന്ധകാരത്തിലേക്കുമാണെന്ന് കർത്താവ് പറഞ്ഞത് നാം എന്തുകൊണ്ട് വിസ്മരിക്കുന്നു? ലോകം നമ്മുടെ ലക്ഷ്യമാകുമ്പോൾ നാം സഞ്ചരിക്കുന്ന വഴി തദനുസൃതമായിരിക്കും. നാലാമത്, ക്രൂശിൽ നമുക്കുവേണ്ടി കഷ്ടം അനുഭവിച്ച് മരിച്ച ക്രിസ്തുവിന് പ്രത്യുപകാരമായി എന്തു നൽകണം എന്ന ചിന്തയാണ് ഈ വഴിയെ സഞ്ചരിക്കുവാൻ വിശുദ്ധരെ പ്രേരിപ്പിച്ചത്. വിശുദ്ധർ കർത്താവിന് പ്രത്യുപകാരമായി നൽകിയത് അവരുടെ ജീവിതവും ജീവനുമാണ്. ഉപവസിച്ചും പ്രാർത്ഥിച്ചും ഇടയശുശ്രൂഷ ചെയ്തും രോഗിയായിത്തീർന്ന ഒരു പിതാവാണ് പരുമലത്തിരുമേനി. പരി.പൗലൂസ് ശ്ലീഹാ പറയുന്നതുപോലെ ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് തന്റെ ശരീരംകൊണ്ട് പൂരിപ്പിക്കുവാൻ ശ്രമിച്ച വിശുദ്ധനാണ് തിരുമേനി. തന്റെ ശരീരത്തെ ദൈവത്തെ പ്രസാദമുള്ള യാഗമായി സമർപ്പിച്ച വിശുദ്ധനാണ്

# ദളിതരുടെ വിമോചകൻ



ഫാ.ഗീവർഗ്ഗീസ് കോശി കറ്റാനം

കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിന് വിപ്ലവകരമായ അടിത്തറ ഇട്ട മഹാത്മാവാണ് പരി. പരുമല മാർ ഗ്രീഗോറിയോസ് പിതാവ്. അനാചാരങ്ങളാലും അസമത്വങ്ങളാലും അബദ്ധജഡിലങ്ങളായ വിശ്വാസ സംഹിതകളാലും ഏറെ ദുഷിച്ച ഒരു കാലത്ത് അറിവിന്റെയും ആദ്ധ്യാത്മിക ജ്ഞാനത്തിന്റെയും ശോഭയാർന്ന തിരിതെളിച്ച് അനേകരെ ആ വെളിച്ചത്തിലേക്ക് ഉപനയിപ്പി ക്കുവാൻ പരി.പരുമല തിരുമേനി ശ്രദ്ധിച്ചു എന്നതിന്റെ ഉത്തമ നിദർശനമാണ് അദ്ധേഹത്തിന്റെ മിഷൻ ദർശനങ്ങൾ. മുളംതുരുത്തി നിരണം തിരുവല്ല തുമ്പമൺ എന്നിവിടങ്ങളിലൊക്കെയായി തിരുമേനി തുടങ്ങിവച്ച വിദ്യാലയങ്ങളും തള്ളപ്പെട്ടവരും മാറ്റിനിർത്തപ്പെട്ടവരുമായവർക്കായി സ്ഥാപിച്ച പള്ളികളുമൊക്കെ സാക്ഷിക്കുന്നത് സാമൂഹ്യപരിഷ്ക്കർത്താവ് എന്ന നിലയിലുള്ള തിരുമേനിയുടെ മഹത്വവും ശ്രേഷ്ഠതയുമാണ്. കാലത്തിന്റെ സമീപനങ്ങൾക്കറിഞ്ഞ് ആശയപരമായി മാത്രം കാലത്തോട് വിയോജിച്ച് ഏറെ സമാധാനപൂർവ്വമായ അന്തരീക്ഷത്തിൽ ദളിതരുടെയും അവഗണിക്കപ്പെട്ടവരുടെയും ആവശ്യങ്ങൾ നേടിയെടുക്കുന്ന പദ്ധതികൾക്കാണ് തിരുമേനി തുടക്കം കുറിച്ചത്. പള്ളിക്കൂടങ്ങളും പള്ളികളും ആദ്യം പ്രത്യേകമായും പിന്നീട് സാധാരണമായും കൊടുക്കുക എന്ന തിരുമേനിയുടെ ശൈലി സമാധാനപരമായി ആവശ്യം നേടിയെടുക്കുക എന്ന ദർശനത്തിന്റെ പരിണിത ഫലം തന്നെയാണ്. ദളിത് വിമോചന പോരാട്ടങ്ങൾക്കെല്ലാം രക്തമൊഴുക്കലിന്റെ ചരിത്രം പറയാനുാവുമെങ്കിൽ പരുമലതിരുമേനിയുടെ ദളിത് വിമോചന പോരാട്ടം തികച്ചും ശാന്തവും ആദ്ധ്യാത്മിക ചൈതന്യം പ്രസരിപ്പിക്കുന്നതുമാണ്. നിർഭാഗ്യവശാൽ വരേണ്യവിഭാഗത്തിൽ കരുതപ്പെടുന്നതുകൊണ്ടും മതത്തിന്റെ ചട്ടക്കൂടിനുള്ളിൽ നിലകൊള്ളുന്നതുകൊണ്ടുമൊക്കെയാവാം പരുമലതിരുമേനിയെപ്പോലുള്ള സഭാപിതാക്കൻമാരുടെ സംഭാവനകൾ സാമൂഹ്യ സാംസ്ക്കാരിക സാഹിത്യ മണ്ഡലങ്ങളിൽ വേണ്ടവിധത്തിൽ ചർച്ചചെയ്യപ്പെടാതെപോയത്. ഭാരതത്തിന്റെ തദ്ധേശീയ സഭയെന്ന നിലയിൽ സഭാമക്കളായ വിശ്വാസികളുടെയും പിതാക്കൻമാരുടെയുമൊക്കെ കർമ്മവും മാതൃകയും പൊതുസമൂഹത്തിന് ബോധ്യപ്പെടുത്തിക്കൊടുക്കേണ്ട ഉത്തരവാദിത്വം വേറെയാരെക്കാളുമധികം സഭയിലെ യുവജനങ്ങൾക്ക് തന്നെയാണ്.

തിരുമേനി. നാം പ്രാർത്ഥിക്കുമ്പോഴും പള്ളിയിൽ പോകുമ്പോഴും തീർത്ഥാടനങ്ങൾ നടത്തുമ്പോഴും എന്തുകിട്ടുമെന്ന ചിന്തയിലാണ് അവ നിർവ്വഹിക്കപ്പെടുന്നത്. തിരികെ നൽകുവാൻ ബാദ്ധ്യതയുണ്ടന്നാണ് വിശുദ്ധ ജീവിതങ്ങൾ നമുക്ക് നൽകുന്ന പാഠം. വിത്ത് നിലത്തുവീണു ചാകുന്നില്ലെങ്കിൽ അതിനു വൃക്ഷമാകുവാൻ കഴിയി ല്ലെന്നാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. അങ്ങനെ സ്വയം ഇല്ലാതായി ലോകത്തിൽ ഒരു വട വൃക്ഷമായി പടർന്ന് പന്തലിച്ചു നിൽക്കുകയാണ് പരുമല പുണ്യവാൻ. ആ വൃക്ഷത്തിൻ കീഴിൽ നമുക്ക് ആശ്വാസം നൽകുന്ന തണലുണ്ട്. അതിന്റെ ഫലങ്ങൾ നാം അനുഭവിച്ച് ബലം പ്രാപിക്കു ന്നുണ്ട്. അതിന്റെ ശാഖകളിൽ വിശ്രമ സ്ഥലങ്ങളുണ്ട്. അതിന്റെ പൂക്കൾ പരത്തുന്ന പരിമളമുണ്ട്.

താൻ ക്രിസ്തുവിന്റെ അനുകാരിയായതുപോലെ തന്റെ അനുകാരികളാകുവാൻ പരി.പൗലൂസ് ആഹ്വാനം ചെയ്യുന്നുണ്ട്. പരുമലത്തിരുമേനി ആ തലത്തിലേക്ക് ഉയർന്നവനാണെന്ന് ആ ജീവിതം സാക്ഷിക്കുന്നുണ്ട്. വിശുദ്ധനെ അനുകരിച്ചാൽ, അവർ സഞ്ചരിച്ച വഴിയെ യാത്ര ചെയ്താൽ നാം എത്തിച്ചേരുന്നത് ക്രിസ്തുവിലേക്കും അവൻ നമുക്ക് സമ്മാനിച്ച ദൈവരാജ്യത്തിലേക്കുമാണ്. പരുമലത്തിരുമേനി ഉൾപ്പെടുന്ന സാക്ഷികളുടെ സമൂഹത്തോട് കൂടി യാത്ര ചെയ്യുവാൻ നമുക്ക് ഇടയാകേണ്ടതാണ്. സ്വർഗ്ഗീയ വിളിക്ക് ഓഹരിക്കാരായ നാം, വിശുദ്ധ മാമോദീസായിലൂടെ കലപ്പയ്ക്കുവച്ച കൈ പിൻവലിക്കാതെ വേല ചെയ്യുവാൻ ഇടയാകട്ടെ. തീർത്ഥാടകരായി പരുമലയിലേക്ക് യാത്രചെയ്യുമ്പോൾ വഴിയരികിൽ ലഭ്യമാകുന്ന ഭക്ഷണപാനീയ സമൃദ്ധിയിൽ ഉള്ളിലുണ്ടാകേണ്ട ലക്ഷ്യവും വഴിയും വിസ്മരിക്കാതെ സൂക്ഷിക്കുവാനും ശ്രമിക്കണമെ. ●



കേരളത്തിലെ ആദ്യത്തെ പുകയില വിരുദ്ധ ജില്ല?
കോട്ടയം

അമേരിക്കൻ ഭരണഘടനയുടെ പിതാവ്?
ജെയിംസ് മാഡിസൺ

സ്മൃതിപഥം



തകഴി ശിവശങ്കരപ്പിള്ള

# വിശുദ്ധനായ എഴുത്തുകാരൻ

പരുമല തിരുമേനിയെപ്പറ്റി ഞാൻ കേട്ടിട്ടുണ്ട്. തകഴി പ്രദേശത്ത് ഞങ്ങൾ വളരെക്കാലമായി കേൾക്കുന്ന ഒരു നാമമാണിത്. ഞാൻ അദ്ദേഹത്തെപ്പറ്റി മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. അദ്ദേഹം പരുമലയിൽവന്നു താമസിച്ച സിദ്ധനാണെന്നു ഞാൻ മനസ്സിലാക്കി. നിങ്ങളുടെ സഭ

> അദ്ദേഹം പരുമലയിൽവന്നു താമസിച്ച സിദ്ധനാണെന്നു ഞാൻ മനസ്സിലാക്കി. നിങ്ങളുടെ സഭയിലെ ഒരു പ്രമുഖനോട് ഞാനൊരിക്കൽ ചോദിച്ചു. പരുമല തിരുമേനി ജനിച്ചത് എവിടെയാണെന്ന്. മുളന്തുരുത്തിയിലാണെന്ന് ഒടുവിൽ എനിക്ക് പറഞ്ഞുകൊടുക്കേണ്ടി വന്നു.

യിലെ ഒരു പ്രമുഖനോട് ഞാനൊരിക്കൽ ചോദിച്ചു. പരുമല തിരുമേനി ജനിച്ചത് എവിടെയാണെന്ന്. മുളന്തുരുത്തിയിലാണെന്ന് ഒടുവിൽ എനിക്ക് പറഞ്ഞുകൊടുക്കേണ്ടി വന്നു.

എന്നാൽ പരുമല തിരുമേനി ഒരു യാത്രാവിവരണം എഴുതിയിട്ടുണ്ടെന്നു ഞാൻ വളരെ വൈകിയാണ് അറിഞ്ഞത്. കറണ്ട് ബുക്സിൽ വച്ച് ഡി.സി. കിഴക്കേമുറിയാണ് എന്നെ അതു കാണിച്ചത്. ആ പുസ്തകത്തിന്റെ ആമുഖപഠനത്തിൽ പോൾ മണലിൽ എഴുതിയിരിക്കുന്നത്, ഇതാണ് മലയാളത്തിലെ ആദ്യത്തെ അച്ചടിച്ച യാത്രാവിവരണം എന്നാണ്. ഞാൻ ഇത്രയും കാലം ധരിച്ചുവച്ചിരുന്നത് വർത്തമാന പുസ്തകമാണ് ആദ്യത്തെ കൃതിയെന്നായിരുന്നു. ഞാൻ ഇക്കാര്യം ഡി.സി. കിഴക്കേമുറിയോടു ചോദിച്ചു. വർത്തമാന പുസ്തകം 1785–ൽ എഴുതിയെങ്കിലും 1936–ലാണ് ആദ്യം അച്ചടിച്ചതെന്ന് ഡി.സി. എനിക്കു പറഞ്ഞുതന്നു. ഈ പുസ്തകം 1895–ൽ എഴുതുകയും അതേ സമയംതന്നെ അച്ചടിക്കുകയും ചെയ്തു. ഇതു കൗതുകകരമായ ഒരു സംഗതിയാണ്.

വർത്തമാനപുസ്തകം ഒരു യാത്രാവിവരണം എഴുതാൻവേണ്ടി നടത്തിയ ഒരു യാത്രയുടെ ഫലമായി ഉണ്ടായതല്ല. എന്നാൽ പരുമല തിരുമേനിയുടെ ഈ കൃതി അക്കാര്യത്തിൽ വ്യത്യസ്ഥമാണ്. കേരളത്തിലെ തന്റെ സഭയിലെ അംഗങ്ങൾ വായിച്ചറിയാൻവേണ്ടിയും അവർ യേശുവിന്റെ ജീവിതത്തിലെ അനശ്വര മുഹൂർത്തങ്ങൾ തങ്ങളുടെ ജീവിതത്തിൽ പകർത്തുവാൻ വേണ്ടിയുമാണ് അദ്ദേഹം ഇത് എഴുതിയിരിക്കുന്നത്. എല്ലാവർക്കും കാണാൻ കഴിയാത്ത കാര്യങ്ങൾ എല്ലാവർക്കും വേണ്ടി അദ്ദേഹം എഴുതിയിരിക്കുന്നു. അത് സൂക്ഷ്മമായിരിക്കുന്നു.

പരുമല തിരുമേനിയുടെ വേദപുസ്കത്തോടുള്ള പ്രതിപത്തി ഈ കൃതിയിൽ ഞാൻ കാണുന്നു. യേശുവിനെ കാണാനുള്ള ഒരു ശ്രമം തിരുമേനി ഇതിൽ നടത്തിയിട്ടുണ്ട്. അതിന്റെ പുത്തൻ തീവായനക്കാർക്ക് അദ്ദേഹം പകർന്നു കൊടുക്കുന്നു.

ഇതിലെ ഭാഷ വളരെ ലളിതമാണ്. എനിക്കിത് ഇഷ്ടപ്പെട്ടു. തിരുമേനി ഇതെഴുതിയത് ഒരു ഉദാത്ത സാഹിത്യഗ്രന്ഥം രചിക്കണമെന്ന ലക്ഷ്യത്തോടെയായിരുന്നില്ല. അതുകൊണ്ടുതന്നെയാണ് ഈ കൃതി ഉദാത്തമായത്. ചില രചനകൾ എഴുത്തുകാരന്റെ സിദ്ധിയാണ്. പരുമല തിരുമേനി ഒരു വലിയ സിദ്ധനായിരുന്നു. ആ സിദ്ധന്റെ ജീവിത സ്പർശം ഇതിലുണ്ട്.

*(ഊർശ്ലേം യാത്രാവിവരണത്തിന്റെ ശതാബ്ദി പതിപ്പ് മാമ്മൻ മാത്യുവിൽനിന്നു സ്വീകരിച്ചുകൊണ്ട് 1996–ൽ നടത്തിയ പ്രഭാഷണം)*

കടപ്പാട് : റെജി പാറപ്പുറത്ത്



# പരുമല തിരുമേനി ആത്മീയമായ ഒരത്ഭുതം



ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ

സ്മൃതിപഥം

ഏറ്റവും ശ്രേഷ്ഠനായ ബാവാതിരുമേനി അവറുകളെ, വേദിയിലെ മഹാന്മാരെ, സഹോദരീ സഹോദരന്മാരെ, നിങ്ങൾക്ക് എന്റെ എളിയ കൂപ്പുകൈ. ആരോഗ്യം ഒട്ടും അനുവദിക്കാത്തതുകൊണ്ടാണ് ഇങ്ങോട്ട് വരാൻ മടിച്ചത്. പക്ഷേ, നിർബന്ധമായും വരണമെന്ന് ശാസിച്ചപ്പോൾ ഞാൻ കീഴടങ്ങി ഇവിടെ എത്തിയതാണ്. നിൽക്കുവാൻ സാദ്ധ്യമല്ല, പ്രായം എന്നെ പലവിധത്തിലും ഉപദ്രവിക്കുന്നു. പക്ഷേ, ഈ ധന്യമായ യോഗത്തിൽ ഞാൻ പങ്കുകൊണ്ടില്ലെങ്കിൽ അതൊരപരാധമായിരിക്കും എന്നുള്ള ബോധ്യം ഉള്ളതുകൊണ്ടാണ് ഞാൻ ഇവിടെ ഈ പാവനമായ യോഗത്തിൽ എത്തിച്ചേർന്നത്.

ഇത് പാവനമായ പ്രദേശമാണ്. കാരണം പരുമല മാർ ഗ്രീഗോറിയോസ് എന്തൊരു ധന്യമായ ജിവിതമാണ് ലോകത്തിനു നൽ കിയത്. ഓർക്കുക 55 കൊല്ലം മാത്രം ജീവിച്ചി രുന്നതായ ഹ്രസ്വജിവിതത്തിൽ അദ്ദേഹം ആത്മീയമായ ചൈതന്യത്തോടുകൂടി എത്രയോ വിശ്വസ്തമായ കർമ്മങ്ങൾ ചെയ്തു. അത്ഭുതമാണ്. ആത്മീയമായ ഒരു അത്ഭുതം. ഭൗതീ കമായ ഒരു അത്ഭുതം ആർക്കുസാധിക്കും. ദൈവീക ശക്തിയിലോട്ടു മാറുമ്പോൾ ആ പ്രേരണയുടെ ഫലമായി പലതും ചെയ്തു. സമൂഹത്തിൽ സർവ്വരുടെയും കഷ്ടപ്പാടുകൾ മനസ്സിലാക്കുകയും അവശതകൾ ധരിക്കുകയും ചെയ്തു. അതെല്ലാം പരിഹരിക്കാൻവേണ്ടിയുള്ള ഒരു ദൂതനായി വിശേഷിപ്പിക്കാം. മാർ ഗ്രീഗോറിയോസ് തിരുമേനി എന്തെല്ലാമോ, എന്തെല്ലാമോ, വിസ്മയകരമായ കാര്യങ്ങൾ ചെയ്തു. അദ്ദേഹത്തെ ഞാൻ ഓർക്കുമ്പോൾ ഒരു ആത്മീയ അത്ഭുതം എന്നു മാത്രമേ പറയുവാൻ കഴിയുകയുള്ളൂ. ‘A WORLD WONDER’ എന്നു പറയേണ്ടിയിരിക്കുന്നു. അധ:പതിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ ധാർമ്മിക മൂല്യങ്ങൾ എല്ലാംതന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതായ ഈ കാലത്തിൽ, സാധാരണക്കാരെ ചൂഷണം ചെയ്യുവാൻവേണ്ടി ധനികന്മാരും പൈശാചികമായി പെരുമാറുന്ന ഈ കാലഘട്ടത്തിൽ നമുക്ക് ഇത്തരം മഹാന്മാരെ ശ്രേഷ്ഠരെ ഒരു കാലത്തും വിസ്മരിക്കുവാൻ സാധ്യമല്ല. ഒരു മഹാന്റെ പേരിലുള്ള അവരുടെ ജൂബിലി ആഘോഷിക്കുന്നത് നിശ്ചയമായും ആ മൂല്യങ്ങൾ എല്ലാം നിലനിർത്തേണ്ടത് നമ്മുടെ

> ഓർക്കുക 55 കൊല്ലം മാത്രം ജീവിച്ചിരുന്നതായ ഹ്രസ്വജിവിതത്തിൽ അദ്ദേഹം ആത്മീയമായ ചൈതന്യത്തോടുകൂടി എത്രയോ വിശ്വസ്തമായ കർമ്മങ്ങൾ ചെയ്തു. അത്ഭുതമാണ്. ആത്മീയമായ ഒരു അത്ഭുതം.

കർത്തവ്യമാണ്. ഈ കർത്തവ്യം ഒരു കാലത്തും തീരാത്തതായ കർത്തവ്യമാണ്.

സ്ത്രീകളോട് അനീതി, കുട്ടികളോട് അനീതി, സാധാരണക്കാരോട് അനീതി, ദരിദ്രരോട് അനീതി, അസത്യം പെരുകുന്നതായ കാലഘട്ടം. എല്ലാവിധത്തിലും ചൂഷണം ചെയ്യുന്നു. ധനം സമ്പാദിക്കുക അതാണ്. മനുഷ്യനെക്കാളും ധനമാണ്, പണമാണ് വലുത് എന്നു വിശ്വസിക്കുന്നതായ ഈ നശിച്ചുകൊണ്ടിരിക്കുന്നതായ ഇന്നത്തെ ലോക വ്യവസ്ഥയെ എതിർക്കുക എന്നത് നമ്മുടെ അടിയന്തിരമായ ആവശ്യമാണ്. യേശു

*(ശേഷം പേജ് 15 ൽ)*



യുവത്വ ഹോർമോൺ?
തൈമോസിൻ

കേരളത്തിലെ ഏത് നഗരത്തിലാണ് മാനാഞ്ചിറ മൈതാനം?
കോഴിക്കോട്

# കുടുംബം: വിട്ടുപോകുവാനും തിരിച്ചുവരാനും ഒരിടം



ഡോ.റോസി തമ്പി

“ഒരാൾ ജലത്താലും ആത്മാവാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല”. ജനിച്ചതുകൊണ്ട് മാത്രം ഒരാൾ ജീവിക്കുന്നില്ല. അതുകൊണ്ടാണ് യേശു പറഞ്ഞത് നിങ്ങൾ വീണ്ടും ജനിക്കുന്നില്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കഴിയില്ലെന്ന്, ഭൂമിയിലെ ദൈവരാജ്യമാണ് കുടുംബം. അതുകൊണ്ടുതന്നെ അതിൽ പ്രവേശിക്കണമെങ്കിൽ ഒരാൾ വീണ്ടും ജനിക്കേണ്ടതുണ്ട്.

ജീവിതം അതിന്റെ പ്രകൃതത്തിൽ തന്നെ അരക്ഷിതമാണ്. കുടുംബം അതിനൊരു സുരക്ഷിത വലയം തീർക്കുന്നു. എന്നാൽ ഒരാളും ഈ വലയിൽ കുടുങ്ങിപ്പോകുന്നില്ല. കൂടുതൽ ജീവൻ ആവശ്യമുള്ളവർ കൂടുതൽ അരക്ഷിതത്വം ഏറ്റെടുത്തേപറ്റൂ. സുരക്ഷ എന്ന് വിളിക്കപ്പെടുന്ന മിഥ്യ എത്രകൂടുതലാവുന്നുവോ അത്രയ്ക്കും കുറവായിരിക്കും ഒരാളുടെ സജീവത. അവരാണ് ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന വിഭാഗത്തിൽപെടുന്നത്. വീട് ഇത് രണ്ടും ഒരുപോലെ അനുവദിക്കുന്നു. ഇറങ്ങിപ്പോകുവാനും കയറിവരാനും അതിനൊരു വാതിലുണ്ട്.

മനുഷ്യൻ ജന്മംകൊള്ളുന്നത് ഒരു വിത്തായിട്ടാണ്. ഭൂമിയെ മുഴുവൻ പച്ചപ്പണിയിക്കാനുള്ള ഒരു വിത്തായിട്ടാണ്. അത് ഭൂമിയിൽ വീണ് അഴിഞ്ഞ് മുളച്ച് പൊന്തണം അപ്പോഴാണ് ജീവിതമാകുന്നത്. വെറും ജനനം കൊണ്ട് മാത്രം സാധ്യമാകുന്നതല്ല ജീവിതം. വിത്തിനകത്തുള്ള സത്തയെ ഒരു സാധ്യതയായി വളർത്തിയെടുക്കുമ്പോഴാണ് ജീവിതമാകുന്നത്. ബീജം മരിച്ച് മണ്ണടിയുമ്പോൾ മത്രമാണ് അതിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന ജീവസ്വരൂപം വെളിപ്പെടുത്താൻ ആരംഭിക്കുകയുള്ളൂ. വിത്തിനെ എങ്ങനെ കീറിമുറിച്ച് പരീക്ഷണ ശാലയിൽ നോക്കിയാലും ഒരു ഇലയോ പൂവോ നമുക്കതിൽ കാണാനാകില്ല. എന്നാൽ അത് മരിച്ച് മണ്ണടിയുമ്പോൽ അതിൽനിന്ന് ആ ശൂന്യതയിൽ നിന്ന് സുന്ദരമായ ഇലകൾ വരുന്നു. അപ്പോൾ ആ വിത്തിന് ആയിത്തീരാൻ സാദ്ധ്യമായത്, ഒരു സസ്യമാകാൻ കഴിയുന്നത് കാണുന്നു. ചെടിയെ പോലെ ഉള്ളിലുള്ള ശക്തി പ്രകടമാക്കാനുള്ള ശരിയായ അവസരം ഒരാൾ കണ്ടെത്തേണ്ടതുണ്ട്. ഉള്ളിലുള്ള ജീവന് പ്രത്യക്ഷപ്പെടാനുള്ള സാക്ഷാത്ക്കാരം നേടാനുള്ള അവസരം വിത്തിൽനിന്ന് ഒരു മരമുണ്ടായി അനേകം ജീവജാലങ്ങൾക്ക് അഭയവും പൂക്കളെ കൊണ്ട് ഭൂമിയെ സുന്ദരവും ആക്കുന്നതു പോലെ നമ്മുടെ ജീവിതവും അർത്ഥവത്താക്കും.

> എവിടെ പോയാലും തിരിച്ചൊന്ന് വീട്ടിലെത്തിയിരുന്നെങ്കിൽ എന്ന് ഓർക്കാത്ത ആരാണ് ഉണ്ടാകുക? എനിക്ക് ഒരു വീടുണ്ട് എന്നതാണ് ധൂർത്ത് പുത്രനെപ്പോലും ആശ്വസിപ്പിച്ചത്.

കുടുംബം ഒരാൾക്ക് നൽകുന്നത് ഈ സാധ്യതയാണ്. ഒരാളിലെ ഏറ്റവും നല്ലതിനെ പുറത്തെടുക്കാനുള്ള നല്ല അവസരം അത് നൽകുന്നു. ആത്മശരീരങ്ങൾക്ക് ഭയരഹിതമായി വിഹരിക്കാനാവുന്ന ഇടമാണത്. ദൈവം ഒരാളോട് ചെയ്യാൻകഴിയുന്നതിലെ ഏറ്റവും നല്ല കാര്യം “ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്.” എന്നോരോരുവരേയും ധൈര്യപ്പെടുത്തിയതാണ്. വീട്ടിനകത്ത് ഓരോരുവരും മറ്റൊരാളോടു പറയുന്നതും ഇതാണ്. വീട്ടിൽ ഓരോരുത്തരും കേന്ദ്രസ്ഥാനത്താണ്. കരുതലിന്റേയും തലോടലിന്റേയും ഒരു സാന്ത്വന മേഖലയാണത്. അവിടെയാരും ‘അനാവശ്യ’മല്ല. എല്ലാവർക്കും പ്രത്യേകം പ്രത്യേകം റോളുകൾ നിർവ്വഹിക്കാനുണ്ട്. ഒരാൾ പുറത്തുപോയാൽ തിരിച്ചുവരുംവരെ മറ്റുള്ളവർ കാത്തിരിക്കുന്നു. വീട് അതിന്റെ എല്ലാ വിശേഷങ്ങളും അവനോ അവൾക്കോവേണ്ടി കരുതിവെക്കുന്നു. വരാൻ വൈകുമ്പോൾ പരിഭവവും പരാതിയും ഉണ്ടാകുന്നു. വീണ്ടും ഇറങ്ങുന്നതിനുമുമ്പ് കൂടെ കൂട്ടേണ്ടതെല്ലാം എടുത്തില്ലേ എന്നോർമ്മിപ്പിക്കാൻ ഒരുപാടു കണ്ണുകൾ വാതിൽക്കലുണ്ടാകും. തിരിച്ചുവരും വരെ ആ കണ്ണുകൾ നമ്മൾ അവിടെ ഉപേക്ഷി ക്കപ്പെടും.

എവിടെ പോയാലും തിരിച്ചൊന്ന് വീട്ടിലെത്തിയിരുന്നെങ്കിൽ എന്ന് ഓർക്കാത്ത ആരാണ് ഉണ്ടാകുക? എനിക്ക് ഒരു വീടുണ്ട് എന്നതാണ് ധൂർത്ത് പുത്രനെപ്പോലും ആശ്വസിപ്പിച്ചത്. ഭൂമിയിൽ തല ചായിക്കാൻ ഇടയില്ലാതെ ജീവിച്ച ക്രിസ്തുവും മരണ സമയത്ത് സ്നേഹമുള്ള അപ്പൻ താമസിക്കുന്ന ഒരു വീട് സ്വപ്നം കണ്ടു. സന്യാസത്തെ ഏറ്റവും ശ്രേഷ്ഠമായി നമ്മൾ അവതരിപ്പിക്കുമ്പോളും ഓരോ കുഞ്ഞും വീണ്ടും വീണ്ടും കുടുംബങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒരാളുടെ ഏറ്റവും നല്ല സാധ്യതയെ പുറത്തെടുക്കാനുള്ള ഇടമാണ് കുടുംബം എന്നതുകൊണ്ടാണ്. സ്വർഗ്ഗത്തിന്റെ ഒരു ചെറുപതിപ്പാണിത്. ഇനി അങ്ങനെയൊന്നുമായില്ലെങ്കിലും എന്റെ വീട് അങ്ങനെയാകണെയെന്ന് ഓരോരുവരും ആഗ്രഹിക്കുന്നുണ്ട്.

ശരീരത്തിന്റെ തടവറകളിൽ നിന്നും ഒരാൾക്ക് പുറത്ത് കടക്കാനുള്ള ഏക പരിശീലന കളരിയാണ് കുടുംബവും, ദാമ്പത്യവും. വ്യക്തിയുടെ മനസ്സിലും ശരീരത്തിലും ഊറിക്കൂടുന്ന മാലിന്യങ്ങളെ അത് അപ്പപ്പോൾ പുറത്തെടുക്കും. സ്വന്തം ശരീര വാസനകളുടെ അടിമത്വത്തിൽ നിന്ന് ഓരാൾ പുറത്ത് കടക്കുമ്പോൾ മാത്രമേ ആ വ്യക്തിയിൽ പുനർ ജന്മം സാധ്യമാകുന്നുള്ളൂ.

ദേഷ്യത്തിന്റെ ആർത്തിയുടെ മോഹങ്ങളുടെ ഒക്കെ അടിമയാണ് ഓരോരുവരും. ഈ വികാരങ്ങളെ നശിപ്പിച്ച് അവരുടെ അടിമത്വത്തിൽ നിന്ന് മോചനം നേടാനാണ് കുടുംബം വ്യക്തിപരമായി ഓരോരുവരേയും അറിയാതെ തന്നെ പരിശീലിപ്പിക്കുന്നത് കൊണ്ടും കൊടുത്തും തട്ടിയും മുട്ടിയും അത് നമ്മുടെ വ്യക്തിത്വത്തിലെ ഏങ്കോണിപ്പുകളെല്ലാം കടൽത്തീരത്തെ കല്ലുകൾ പോലെ മിനുസമുള്ളവയാക്കും.

നിർഭാഗ്യവശാൽ നമ്മുടെ കുടുംബങ്ങൾ പലപ്പോഴും പുറംലോകത്തിന്റെ ആർത്തിയിൽ മുങ്ങിപ്പോകുന്നു. അപ്പോൾ ഓരോരുവരും മറ്റൊരാളുടെ മേൽ തങ്ങളുടെ അധികാരം സ്ഥാപിക്കാൻ തുടങ്ങും. അങ്ങനെ കുടുംബം നരകമാകും. അതിന് സ്വർഗ്ഗമാകാനുള്ള സാധ്യത വളരെ കൂടുതലാണ്. അടുത്തകാലത്ത് കന്യാമഠം വിട്ടുപോകുന്ന ഒരു വ്യക്തിയുടെ ആത്മകഥ വായിക്കാനിടയായി. ഇത്രയും ബാലിശമായി ഒരാൾക്ക് ജീവിതത്തെ കാണാൻ കഴിയുമെന്ന് അപ്പോഴാണ് മനസ്സിലായത്. നമുക്കുറപ്പായും വിശ്വസിക്കാം. ഒരു കുടുംബത്തിൽ ജീവിക്കുന്ന ഒരു സ്ത്രീക്ക് ഒരിക്കലും ജീവിതത്തെ ഇത്രയും വിലക്കുറഞ്ഞതായി കാണാൻ കഴിയില്ല എന്ന്. ശരീരം അവൾക്കൊരു





ഓറഞ്ചുകളുടെ നഗരം?
നാഗ്പൂർ

പമ്പയുടെ പ്രാചീന നാമം?
ബാരിസ്

അവസാനാവാക്കായിരിക്കില്ല. ഒരു കുഞ്ഞിന് ഒരു വയസ്സാകുമ്പോഴേയ്ക്കും വീട്ടിലുള്ളവർ ആ കുഞ്ഞിനെ പരിശീലിപ്പിച്ചിരിക്കും എങ്ങനെ ടോയ്‌ലറ്റ് ഉപയോഗിക്കണമെന്ന്. അതികഠിനമായൊരു പരിശീലനമാണത്. പക്ഷേ അതോടെ കുട്ടിക്ക് മനസ്സിലാകും മറ്റുള്ളവരിൽ നിന്ന് ഞാൻ എന്തൊക്കെ എന്റേതുമാത്രമായി പരിചരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യണമെന്ന്. ഈ പരിശീലനക്കളരി ഒരു കുടുംബം അതിലെ വ്യക്തികളിൽ ജീവിതാവസാനം വരെ നവീകരിച്ചുകൊണ്ടിരിക്കും. വ്യക്തിയെ, സമൂഹത്തെ പാകപ്പെടുത്തുന്നത് ഈ പരിശീലനമാണ്. നിരന്തരം പുനഃക്രമീകരിക്കുന്ന സാന്ത്വനത്തിന്റെ ഈ കാന്തികവലയം നഷ്ടപ്പെടുമ്പോൾ ഒരാൾ സ്വയം മാത്രമല്ല മറ്റുള്ളവർക്കും ഒരു ബാധ്യതയായിത്തീരുന്നു. പണ്ട് നമ്മുടെ വീടുകളുടെ ഉമ്മറത്ത് ഒരു കിണ്ടി വെള്ളം വെയ്ക്കുമായിരുന്നു. പുറത്തുപോയവർ തിരിച്ചുവരുമ്പോൾ കാലുകഴുകി അകത്തേക്ക് പ്രവേശിക്കാനാണത്. ഈ കാലുകഴുകൽ ഒരു അടയാളമാണ്. അന്നേ ദിവസം പുറംലോകം അയാളിൽ ഏല്പിച്ച എല്ലാ പരുക്കുകളേയും അത് കഴുകിക്കളയുന്നു. രാത്രിയിൽ വീട് അതിന്റെ സ്വച്ഛമായ പുതപ്പുകൊണ്ട് ഓരോരുവരേയും പുതപ്പിച്ചുറക്കും. അന്നന്നത്തെ മുറിവുകളെല്ലാം ഉണക്കിയെടുക്കും. ഈ ഒരു ആതുരശുശ്രൂഷയാണ് വീട് ഓരോരുവർക്കും നല്കിക്കൊണ്ടിരിക്കുന്നത് വീട് വിട്ടുപോകുന്നവർക്ക് നഷ്ടമാകുന്നതും ഇതുതന്നെയാണ്. ചെന്നുചേരുന്ന ഇടം സ്വന്തം വീടാക്കി മാറ്റുന്നവർ ധാരാളമുണ്ട്. അതിനു സാധ്യമാകാതെ പോകുന്നവരുടെ കാര്യമാണ് കഷ്ടം. കാരണം പുറത്ത് എപ്പോഴും കരച്ചിലും പല്ലുകടിയും ആണ്.

ഇന്ന് മാതാപിതാക്കൾ സ്വന്തം ജീവിതം പോലും ഉപേക്ഷിച്ച് മക്കൾക്കുവേണ്ടി ജീവിക്കുന്നു. മക്കളോ മാതാപിതാക്കൾ തങ്ങൾക്കൊരു ശല്യമായി കരുതുന്നു. കുട്ടികളുടെ വിദ്യാഭ്യാസമാണ് ഇന്ന് മാതാപിതാക്കളുടെ ഏക ലക്ഷ്യം. അതിനു വേണ്ടി അവർ സ്വന്തം ജീവിതത്തെ അർത്ഥ ശൂന്യമായി നശിപ്പിക്കുന്നു. സ്വയം സ്നേഹിക്കാത്ത ഒരാൾ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുന്നത് കളവാണ് എന്ന് ക്രിസ്തു പറയുന്നുണ്ട്. ഇവിടെയും അത് ബാധകമാണ്. സ്വന്തം ജീവിതത്തെ സ്നേഹിക്കാതെ തങ്ങൾ മക്കൾക്കുവേണ്ടി ജീവിക്കുന്നു എന്നു പറയുന്ന മാതാപിതാക്കൾ കളവുപറയുകയാണ്. അതുകൊണ്ടാണ് കുഞ്ഞുങ്ങൾ വളർന്നുവരുമ്പോൾ അവരെ വെറുക്കുന്നതും, പ്രായമാകുമ്പോൾ വൃദ്ധസദനങ്ങളിൽ കൊണ്ടുതള്ളുന്നതും നമ്മൾ മാതാപിതാക്കൾ ഇക്കാര്യം ഏറെ ഗൗരവപൂർവ്വം ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

സമൂഹത്തെ ഇന്ന് ബാധിച്ചിരിക്കുന്ന ഏറ്റവും അനാരോഗ്യകരമായ പ്രവണതയാണിത്. കുടുംബത്തിനകത്ത് ഓരോരുവരും അവരവരുടെ ജീവിതം കൂടി ജീവിക്കുക എന്നത് ഏറെ പ്രധാനപ്പെട്ട കാര്യമാണ്. ദാമ്പത്യത്തെ രണ്ടു തൂണുകളിൽ ഉയർത്തിനിർത്തിയ ഒരു മേല്ക്കൂരയായിട്ടാണ് ഖലീൽ ജിബ്രാൻ ഉപമിക്കുന്നത്. ഓരോരുവരും ഒറ്റയ്ക്കായിരിക്കുകയും അതേ സമയം മേൽക്കൂരയെ താങ്ങി നിർത്തുകയും അതു വഴി ഒന്നിച്ചായിരിക്കുകയും ചെയ്യുന്നു. ഇതാണ് കുടുംബങ്ങളിൽ നാം പാലിക്കേണ്ട സൗന്ദര്യശാസ്ത്രം.

കുടുംബത്തിൽ വ്യക്തി ഒരേസമയം സ്വയം ഉത്തരവാദിത്വം ഏറ്റെടുക്കുന്നവരും പരസ്പരം ചേർന്നു നില്ക്കുന്നവരുമാണ്. ഇത് ഒരു മിസ്റ്ററിയാണ്. വ്യാഖ്യാനിക്കാൻ കഴിയാത്ത അനുഭവമാണ്. അത് ഒരു പുനർജന്മമാണ്. കുടുംബത്തിലേക്ക് ഓരോരുവരും ഓരോ ദിവസവും പുനർജനിച്ചുകൊണ്ടിരിക്കേണ്ടതുണ്ട്. യേശു പറഞ്ഞത് ഒരാൾ ജലത്താലും ആത്മാവാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ നിങ്ങൾ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്നാണ്. ഭൂമിയിലെ ദൈവരാജ്യമായ കുടുംബത്തിലേക്ക് ഒരാൾ പ്രവേശിക്കുന്നത് അനുദിനം സംഭവിക്കുന്ന ഒരു പുനർജന്മത്തിലൂടെയാണ്. ഒരു വ്യക്തി സ്വയം



സ്നേഹിക്കുമ്പോഴാണ് യഥാർത്ഥത്തിൽ മറ്റുള്ളവരെയും സ്നേഹിക്കുന്നത്. ആ അനുഭവമാണ് പുനർജന്മം. അപ്പോൾ അവനവനോടും സഹോദരങ്ങളോടും പ്രകൃതിയോടും ശത്രുതയില്ലാതെ കഴിയും. പ്രകൃതിയോടും തന്നോടുതന്നെയും ഐക്യപ്പെടുക എന്നതാണ് ജലത്താലും ആത്മാവാലും ജനിക്കുക എന്നതിനർത്ഥം.

> പണ്ട് നമ്മുടെ വീടുകളുടെ ഉമ്മറത്ത് ഒരു കിണ്ടി വെള്ളം വെയ്ക്കുമായിരുന്നു. പുറത്തുപോയവർ തിരിച്ചുവരുമ്പോൾ കാലുകഴുകി അകത്തേക്ക് പ്രവേശിക്കാനാണത്. ഈ കാലുകഴുകൽ ഒരു അടയാളമാണ്. അന്നേ ദിവസം പുറംലോകം അയാളിൽ ഏല്പിച്ച എല്ലാ പരുക്കുകളേയും അത് കഴുകിക്കളയുന്നു.

കുടുംബം ഒരു യാത്രപോകുമ്പോൾ നാം ഈ പുനർജ്ജനി കടക്കുന്നുണ്ട്. ഓരോ യാത്ര കഴിഞ്ഞ് കുടുംബം തിരിച്ചെത്തുമ്പോഴും ഒരു പുനർജന്മത്തെ നമ്മൾ നേടിയിരിക്കും. പഴയതെല്ലാം മാറ്റി നാം വീടിനെ പുനഃക്രമീകരിക്കും, പുനർജനിപ്പിക്കും, യാത്രകൾ നമ്മെ മറ്റൊന്നു കൂടി പഠിപ്പിക്കും

താമരയിലയിലെ ജലകണംപോലെ
സൂചിമുനയിലെ കടുകുമണിപോലെ
ഒന്നിലും ഒട്ടിനിൽക്കാതെ ജീവിക്കുക– എന്നതാണത്

കുടുംബത്തിൽ നിന്ന് ഇത്തരം ഒരനുഭവം കൂടി നമ്മൾ സ്വന്തമാക്കേണ്ടതുണ്ട്. അപ്പോഴാണ് കുടുംബത്തിന്റെ സ്വാതന്ത്ര്യ ആഘോഷം നാം പൂർണ്ണമായി ഉൾക്കൊള്ളുക.

●

*(11-ാം പേജിൽനിന്നു തുടർച്ച....)*

ദേവനെപ്പറ്റി ഞാനോർക്കുമ്പോൾ യേശുദേവനെപ്പറ്റി ഓരോ പേജുകൾ വായിക്കുമ്പോൾ എനിക്ക് തോന്നാറുണ്ട് ഈ വിപ്ലവകാരി ലോകം കണ്ടിട്ടുള്ളതായ ഏറ്റവും ഉന്നതനായ വിപ്ലവകാരി. ആത്മീയ വിപ്ലവകാരി. ആത്മീയമായി മനുഷ്യനെ വിസ്മരിക്കാൻ പാടില്ല. അവരെ ഉയർത്തുകതന്നെവേണം.

ഒരു ദൈവമുണ്ട്. ദൈവത്തിന്റെ പ്രകാശത്തെ ഓർത്തുകൊണ്ട് നല്ലകാര്യങ്ങൾ ചെയ്യണം. കണ്ണീർ എവിടെയെല്ലാം ഉണ്ടോ അവിടെയെല്ലാം കണ്ണീർ ഒപ്പുവാൻവേണ്ടി മുന്നോട്ടുവരണം. ധനികൻ നിന്റെ അമ്മ, നിന്റെ സഹോദരന്മാർ, നിന്നോടു സംസാരിക്കണം എന്നു പറഞ്ഞപ്പോൾ യേശുദേവൻ പറയുകയാണ്, ആരാണ് നിന്റെ മാതാവ്, ആരാണ് നിന്റെ സഹോദരന്മാർ. ലോകത്തിലുള്ളതായ എല്ലാവരും ഒന്നാണ്. അവർ എല്ലാവരുടേയും എന്റെയും സഹോദരനും സഹോദരിയുമാണ് എന്നു പറഞ്ഞു. ആ തത്വം അംഗീകരിച്ചുകൊണ്ട് ലോക വിശ്വാസം, ലോക ജനതയോടുള്ള വിശ്വാസം, ലോക സൃഷ്ടിയിൽ ഉള്ളതായ വിശ്വാസം ഉറപ്പിച്ചുകൊണ്ട് അദ്ദേഹം എത്രയെല്ലാം ഉന്നതമായ തത്വമാണ് നമുക്കു നൽകിയത്. അതെല്ലാം ഭൗതികമായി അംഗീകരിച്ചുകൊണ്ട് നമ്മുടെ തിരുമേനിയുടെ പേരിൽ നടത്തുന്ന ജൂബിലിയാണല്ലോ ഈ അവസരത്തിൽ നമ്മൾ ഇപ്പോൾ ആഘോഷിക്കുന്നത്. അത്തരം ഒരു അതുല്യമായ അവസരത്തിൽ എന്നെ ക്ഷണിച്ചതിന് ഓർത്തഡോക്സ് സഭയോട് ഞാൻ അകൈതവമായ നന്ദി ഈ അവസരത്തിൽ പ്രകാശിപ്പിച്ചുകൊള്ളട്ടെ. നമസ്ക്കാരം.

ഇതിന് ഞാൻ അർഹനല്ല, ഞാൻ വിനീതനായ ഒരു വ്യക്തി എങ്ങനെയോ കഷ്ടപ്പെട്ട് ഇവിടെ എത്തി. ഞാൻ നീട്ടുന്നില്ല. വിരമിക്കുകയാണ്. പക്ഷേ, ഇന്നൊരു സുദിനമാണ് എനിക്ക്. എത്രയും നല്ല നിമിഷങ്ങളാണിത്. നിങ്ങളോടൊപ്പംതന്നെ കഴിയാൻ കഴിഞ്ഞു. എന്നെ സഹോദരൻ എന്നു പറയാമോ? മാപ്പു തരണം. ബാവാ തിരുമേനിയുടെ മുമ്പാകെ ഞാനെന്റെ പ്രസംഗം അവസാനിപ്പിച്ചിരിക്കുന്നു. നിങ്ങൾക്ക് എല്ലാവർക്കും നല്ലൊരു ലോകം കാണുവാൻ സാധിക്കട്ടെ.

*(2008 നവംബർ 8 പരുമല മാർഗ്രീഗോറിയോസ് അവാർഡ് സ്വീകരിച്ച് വെട്ടിക്കൽ ദയറായിൽ നടത്തിയ പ്രസംഗം)*



പടയണി ഏതുജില്ലയുമായി ബന്ധപ്പെട്ട കലാരൂപമാണ്?
പത്തനംതിട്ട

കേരളത്തിലെ താറാവ് വളർത്തൽ കേന്ദ്രം?
പന്തളം



**ഫാ. ഫിലിപ്പ് തരകൻ**
(OCYM മുൻ കേന്ദ്ര വൈസ് പ്രസിഡന്റ്)



# തീർത്ഥാടനം

### ദളം–ധ്യാനം

തീർത്ഥാടനം ഒരു ധ്യാനമാണ്. ഒരിക്കൽ നല്ല കാറ്റുള്ള ദിവസം കാറ്റിൽ പാറുന്ന കൊടിക്ക് രണ്ട് സെൻ സന്യാസിമാർ തമ്മിൽ തർക്കിക്കുന്നത് ഗുരു കേട്ടു. ഒന്നാമൻ പറഞ്ഞു കൊടി ഇളകി പറക്കുന്നു. രണ്ടാമൻ തിരുത്തിപ്പറഞ്ഞു കൊടിയല്ല കാറ്റാണ് ഇളകുന്നത്. തർക്കം മൂത്തപ്പോൾ ആചാര്യൻ ഇടപെട്ട് പറഞ്ഞു. കൊടിയുമല്ല കാറ്റുമല്ല നിങ്ങളുടെ മനസ്സാണ് ഇളകുന്നത്. ആത്യന്തികമായി ആ തർക്കത്തിന്റെ കാരണം മനസ്സിളക്കമാണ്. വല്ലാത്ത മനസ്സ് ഇളകുന്ന കാലത്താണ് നാം ജീവിക്കുന്നത്. തർക്കങ്ങളുടെയും വിതർക്കങ്ങളുടെയും സമരങ്ങളുടെയും പ്രതിരോധങ്ങളുടെയും ലോകത്ത് യഥാർത്ഥ ഇളക്കം കാണണമെങ്കിൽ ഉൾക്കണ്ണുകൾ തുറക്കണം. തീർത്ഥാടനം ആ കണ്ണുകൾ തെളിയുന്നതാകട്ടെ. കാരണം ധ്യാനം തെളിഞ്ഞകാണലാണല്ലോ...

### ദളം–മൗനം

തീർത്ഥാടനത്തിന്റെ ഭാവം മൗനമാണ്. മൗനം മുനിയുടെ ഭാവമാണ്. മൗനം മനനത്തിന്റെ ഭാഷയുമാണ്. മനനം ചെയ്യുന്നവനാണ് മനുഷ്യൻ. മനുഷ്യന്റെ ഭാഷ മൗനമാണ്. എന്താണ് മൗനം? മിണ്ടാതിരിക്കലല്ല. അത് ഹൃദയത്തിന്റെ ഭാഷയാണ്. ദൈവത്തിന്റെ പേരിൽ ഇവിടെ ബഹളം നടക്കുന്നുണ്ട്. ലോകത്തെ നയിക്കാൻ ദൈവം ഒരു ബഹളവും ഉണ്ടാക്കുന്നില്ല ബഹളമുണ്ടാക്കാത്ത ദൈവത്തെ എങ്ങനെ അറിയണം? സങ്കീർത്തനക്കാരൻ പറയുന്നു മിണ്ടാതിരുന്ന് ദൈവമെന്ന് അറിയണം. അറിയാൻ പറ്റുമോ? പറ്റും അറിഞ്ഞവനാണ് മുനി. മഹാമുനിയാണ് പരുമല തിരുമേനി. തീർത്ഥാടകന്റെ മനസ്സിലെ വെളിച്ചം തിരുമേനിയാണ്. തീർത്ഥാടന പാതയിൽ ബഹളങ്ങൾ ഒടുങ്ങട്ടെ. ഉണരട്ടെ മൗനം. അങ്ങനെ ആയാൽ തീർത്ഥാടനം കഴിയുമ്പോൾ തീർത്ഥാടകൻ മൗനത്തിൽ നിന്ന് ഉണരും പുതുമനുഷ്യനായ്. അതായത് പുഴുവിൽ നിന്ന് പൂമ്പാറ്റയിലേക്കുള്ള പരിണാമത്തിന്റെ സൗന്ദര്യം പോലെ.

രണ്ടാഴ്ച മൗനവ്രതത്തോടെ ധ്യാനിക്കാമെന്ന് നാല് ബുദ്ധ സന്യാസികൾ തീരുമാനിച്ചു. ആദ്യ ദിവസം രാത്രം കത്തിച്ചുവച്ച മെഴുകുതിരി കാറ്റിൽ ആടിയുലഞ്ഞ് കെട്ടുപോയി. അതുകണ്ട ഒന്നാമത്തെ സന്യാസി പറഞ്ഞു. ശ്ശൊ! മെഴുകുതിരി കെട്ടുപോയല്ലൊ, രണ്ടാമത്തെ സന്യാസി ചോദിച്ചു നമ്മളാദ്യം സംസാരിക്കാൻ തുടങ്ങുകയല്ലല്ലോ? മൂന്നാമത്തെ സന്യാസി ചോദിച്ചു "നിങ്ങൾക്ക് രണ്ടാൾക്കും ഈ നിശബ്ദത തകർത്തേ തീരു എന്നുണ്ടോ? നാലാമത്തെ സന്യാസി പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു ഹോ! ഞാൻ മാത്രം സംസാരിച്ചില്ല....

മൗനത്തിന്റെ മത്സരമല്ല ഇത്. ഉള്ളിൽ നിന്ന് അത് ഉണരട്ടെ.

### ദളം–യാത്ര

നമ്മളെല്ലാവരും യാത്രയിലാണ്. യാത്രയെ സുന്ദരമാക്കുന്നതും വിരൂപമാക്കുന്നതും നമ്മുടെ മനോഭാവമാണ്. രാവും പകലും ചേർന്നതാണ് ഒരു ദിവസം. കൃത്യമായ ഇടവേളകളിൽ ആവർത്തിക്കുന്ന ഇരുട്ടും വെളിച്ചവും ആണ് ജീവിതമാകുന്ന യാത്രയെ രൂപപ്പെടുത്തുന്നത്. യാത്ര പോയിട്ടില്ലാത്തവർ ആരുമില്ല. യാത്രക്ക് പോകാൻ നേരം ചിലതൊക്കെ നാം കയ്യിൽ കരുതും. തീർത്ഥാടക എന്താണ് കയ്യിൽ ഈ യാത്രക്ക്? ലക്ഷ്യസ്ഥാനം ഏതാണ്? ഓരോ തീർത്ഥാടനവും പെരുവഴിയിലേക്കുള്ള ഇറങ്ങിത്തിരിക്കലാണ് ആസൂത്രണങ്ങൾക്ക് വലിയ സ്ഥാനമില്ല. ആകസ്മികതകളാണ് മിക്കപ്പോഴും യാത്രയെ നിയന്ത്രിക്കുന്നത്. എന്റെ ദൈവം ആകസ്മികതയല്ല. എന്റെ യാത്ര അവനിലേക്കാണ്. പരുമലയല്ല ലക്ഷ്യസ്ഥാനം..വലിയ യാത്രയ്ക്കുള്ള ഇടത്താവളമാണ് അത്...

വലിയൊരു തീർത്ഥാടകനായിരുന്ന അസീസിയിലെ ഫ്രാൻസീസ്. ദൈവപരിപാലനത്തിന് സ്വയം വിട്ടു കൊടുത്തവൻ എന്നാണ് ചില ചിന്തകർ അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത്. എന്നാൽ വി. ഫ്രാൻസിസ് പറയുന്നത് കർത്താവ് എന്നെ നയിച്ചു, കർത്താവ് എനിക്ക് വെളിപ്പെടുത്തി എന്നാണ്. ഇത്തരം യാത്രകളിൽ ഉത്കണ്ഠയില്ല. ആകുലതകളില്ല. പരാതിയില്ല. കാരണം കർത്താവാണ് നയിക്കുന്നത്. കർത്താവ് നയിക്കുന്ന യാത്രയാണ് തീർത്ഥാടനം. കർത്താവിനാൽ നയിക്കപ്പെടുന്നവനാണ് തീർത്ഥാടകൻ...... നിക്കോസ് കസൻദ് സാക്കീസിന്റെ സെന്റ് ഫ്രാൻസിസ് എന്ന നോവലിൽ പറയുന്നു.

"നമ്മൾ ചിലത് ചോദിക്കുന്നു. ദൈവം തരുന്നില്ല. ചോദിക്കാതെ ഇരുന്നാൽ അവിടുന്ന് തരുന്നു. തന്നാലും ഇല്ലെങ്കിലും അവിടുത്തെ തിരുനാമത്തിന് സ്തുതി...

എത്ര ശരിയാണിത് തീർത്ഥാടക.. കാരണം നീ തീർത്ഥാടകനാണ്. കർത്താവിനാൽ നയിക്കപ്പെടുന്നവനാണ്.

### ദളം–ജാഗ്രത

ഉറക്കത്തിലും സൂക്ഷിക്കുന്ന ഉണർവ്വാണ് ജാഗ്രത. വഴി തീർത്ഥാടകന്റെ വഴി നിറയെ ചെളിയാണ്. ചെളിയിൽ വീഴാം, ചെളിയിൽ പുതയാം, ചെളി ശരീരത്ത് പുരളാം.. ചെളി ഇവിടെ പാപത്തിന്റെ പ്രതികമാണ്. ജാഗ്രത പോയ് മറഞ്ഞാൽ അപകടമാണ്. ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ ദൈവം തലയ്ക്കു മുകളിൽ ഉണ്ട്. അവനെക്കുറിച്ചുള്ള ജാഗ്രതയാണ് നമുക്ക് വേണ്ടത്. പാപ ചെളിയുടെ ഉല്പ്പാദകനായ സാത്താൻ പരുമല തിരുമേനിയുടെ അടുത്ത് ചെന്നു തീർത്ഥാടകനായ തിരുമേനിയുടെ ജാഗ്രത ഓർത്ത് കൊൾവിൻ

ഹൈക്കു പറയുന്നു

"നിന്റെ കണ്ണുകളെ
നീ തന്നെയാണ് തുറന്നു പിടിക്കേണ്ടത്
നിലാവിൽ നീരാടിനിൽക്കുന്ന
മുളം പൂക്കളെ ദർശിക്കാനായി
പ്രാർത്ഥന ഹൃദയത്തിൽ നിറയ്ക്കുക
തീർത്ഥാടകാ
ജാഗ്രത ചോർന്നുപോകാതിരിക്കാനായ്.."

●

> നമ്മളെല്ലാവരും യാത്രയിലാണ്. യാത്രയെ സുന്ദരമാക്കുന്നതും വിരൂപമാക്കുന്നതും നമ്മുടെ മനോഭാവമാണ്



ഇന്ത്യയിലെ ആദ്യ സോളാർ ഗ്രാമം?
ധർണയ് (ബീഹാർ)

ഇന്ത്യയിലെ ആദ്യത്തെ സോളാർ കോടതി?
ഖുന്തി ജില്ലാകോടതി (ജാർഖണ്ഡ്)




**നിഥിൻ സാമുവൽ**
(OCYM മുൻ കേന്ദ്ര കമ്മിറ്റിയംഗം)


# സ്ക്രീനിൽ തെളിയുന്ന ന്യൂജെൻ ആത്മീയത

**ഇന്റർനെറ്റ് യുഗത്തിലെ പുതുതലമുറ ആത്മീയതയെക്കുറിച്ചും സഭാപ്രവർത്തനങ്ങളെക്കുറിച്ചും**

'യേശുനമുക്കറിയാത്ത ആളൊന്നുമല്ലല്ലോ..' 'കുമ്പളങ്ങി നൈറ്റ്സ്' എന്ന സൂപ്പർഹിറ്റ് സിനിമയിൽ അന്ന ബെൻ അവതരിപ്പിച്ച ബേബി മോൾ എന്ന കഥാപാത്രത്തിന്റെ ഈ ഡയലോഗ് സിനിമ കാണാത്തവരും കേട്ടിട്ടുണ്ടാകും. ചിത്രത്തിന്റെ പ്രമേഷൻ വർക്കുകളുടെ ഭാഗമായി സമൂഹമാധ്യമങ്ങളിൽ ഇതിനു ലഭിച്ച പ്രചാരവും ചില്ലറയല്ല.

ഇത്തരം വാചകങ്ങളും അവ ഉണ്ടായി വന്ന സാഹചര്യങ്ങളുമാണു 'ന്യൂ ജെൻ ക്രിസ്റ്റ്യാനിറ്റി' അഥവാ പുതുതലമുറ ക്രിസ്തീയതയുടെ മുഖമുദ്ര. നിയതമായ ചട്ടക്കൂടുകളില്ലാതെ, മതപരമായ അനുഷ്ഠാനങ്ങൾക്കു പുറത്ത്, സെക്കുലർ പശ്ചാത്തലത്തിൽ ഉടലെടുക്കുന്ന കുറേ സംഗതികളാണു പുതിയ കാലത്തു ക്രിസ്തീയതയായി സമൂഹമാധ്യമങ്ങളിലും അതുവഴി യുവാക്കൾക്കിടയിലും പ്രചരിക്കുന്നത്. പ്രത്യേകിച്ചും നമ്മുടെ കേന്ദ്രധനമന്ത്രിയുടെ വാക്കുകൾ കടമെടുത്താൽ 'മില്ലേനിയൽസിന്' ഇടയിൽ പ്രചരിക്കുന്നത്. (അതെന്തു കുന്തമാണെന്നു അറിയാത്തവർക്കായി 2000ത്തിനു ശേഷം ജനിച്ചവർക്കാണു മില്ലേനിയൽസ് എന്ന ഓമനപ്പേരുള്ളത്).

ഇതൊക്കെ പിള്ളേരുകളിയാണെന്നു പറഞ്ഞു തള്ളിക്കളയാൻ വരട്ടെ, സംഗതി സീരിയസാണ്. കുറച്ചു കാലം കഴിഞ്ഞാൽ ഇപ്പൊ കാണുന്ന ന്യൂജെൻ ക്രിസ്തീയത ഡ്രൈവിങ് സീറ്റിലെത്തും. സംശയമുണ്ടെങ്കിൽ സ്വന്തം മൊബൈൽ ഫോണെടുത്തു നോക്കൂ. സഭയും പള്ളികളുമായൊക്കെ ബന്ധപ്പെട്ട് എത്ര വാട്സാപ് ഗ്രൂപ്പുകളിലാണ് അംഗമായിരിക്കുന്നത്. ഫെയ്സ്ബുക്കും ഇൻസ്റ്റഗ്രാമും തുറന്നു നോക്കൂ. സഭയും ആത്മീയതയുമായി ബന്ധപ്പെട്ട എത്ര പോസ്റ്റുകളും ചിത്രങ്ങളുമാണ് ഫീഡിൽ കടന്നുവരുന്നത്.

മൊബൈൽ മാറ്റിവച്ചാൽ പോരേ എന്നു ചിന്തിക്കുന്നവരോട്.. അത്രെയെളുപ്പം മാറ്റി നിർത്താനാകുമോ ഈ സോഷ്യൽ മീഡിയ സഹവാസവും അതുവഴി കടന്നുവരുന്ന പുതുതലമുറ ആത്മീയതയെയും?.

**ചുവടുമാറുന്ന അനുഷ്ഠാനങ്ങൾ**

നോമ്പ്, മാറാനായ പെരുന്നാളുകൾ തുടങ്ങിയവയൊക്കെ ഇപ്പൊ ആദ്യം ഇടംപിടിക്കുക എവിടെ യാണെന്നറിയുമോ?.. വാട്സാപ് സ്റ്റാറ്റസുകളിൽ !.

ഡിജിറ്റൽ യുഗത്തിൽ പുതിയതരം ആത്മീയത ഉടലെടുക്കുകയാണ്. മുൻപു പള്ളികളുടെ പുറത്തും പാരിഷ്ഹാളിലുമൊക്കെ കൂട്ടമായും അല്ലാതെയുമൊക്കെ നടന്നിരുന്ന കുശലം പറച്ചിലും ചർച്ചകളും (പരദൂഷണങ്ങളും) വാട്സാപ് ഗ്രൂപ്പുകളിലേക്കു ചുവടുമാറിയിട്ടുണ്ട്. സുന്നഹദോസ് കൂടി ചർച്ചയാക്കേണ്ട വിഷയങ്ങളൊക്കെ പള്ളി ഗ്രൂപ്പുകളിൽ തീരുമാനമാകാറുണ്ട് ഇപ്പോൾ. ട്രോളുകളാണല്ലോ പുതിയ കാലത്തെ ചുവരെഴുത്തുകൾ. അവിടെയും ക്രിസ്ത്യൻ ഗ്രൂപ്പുകളുണ്ട്. ക്രിസ്ത്യൻ ട്രോളുകൾ എന്ന പേരിൽ പ്രചരിക്കുന്നവ കാണാത്തവരുണ്ടാകില്ല. ക്രിസ്ത്യൻ ട്രോൾ എന്ന ഫെയ്സ്ബുക്ക് പേജിനെ പിന്തുടരുന്നത് ഒന്നരലക്ഷത്തോളം ആളുകളാണ്. ആ പേരിലെ ഫെയ്സ്ബുക്ക് ഗ്രൂപ്പിലുള്ളത് 2 ലക്ഷത്തോളം അംഗങ്ങളും.

കേരളത്തിൽ മാത്രമല്ല, ലോകമെമ്പാടും ഇത്തരം ഗ്രൂപ്പുകളും പേജുകളുമുണ്ട്. 'യുവേർഷൻ' എന്ന ആപ്ലിക്കേഷൻ പലരും ഉപയോഗിക്കുന്നുണ്ടാകാം. ബൈബിളിന്റെ ഡിജിറ്റൽ പതിപ്പും ദിവസേനയുള്ള വചനങ്ങളും ഉൾപ്പെടെ ഉപഭോക്താക്കൾക്കു ലഭ്യമാക്കുന്ന ഈ ആപ്ലിക്കേഷൻ പ്ലേസ്റ്റോറിൽ നിന്നു മാത്രം ഡൗൺലോഡ് ചെയ്തത് 10 കോടിയിലേറെ ആളുകളാണ്. മലയാളത്തിൽ ലഭ്യമാകുന്ന 'സത്യവേദപുസ്തകം' എന്ന ആപ്ലിക്കേഷൻ ഇതു വായിക്കുന്ന മിക്കവരുടെയും ഫോണിലുണ്ടാകും.

കാതോലിക്കാ സിംഹാസനം എന്ന ഫെയ്സ്ബുക്ക് പേജ് ഒരുലക്ഷത്തിലേറെപ്പേർ ലൈക്ക് ചെയ്തിട്ടുണ്ട്. യാക്കോബായ വിഭാഗത്തിനു വേണ്ടി 'പൊരുതുന്ന' പടക്കുതിരയെ പിന്തുടരുന്നവർ 44000 ആളുകളാണ്. കാതോലിക്കേറ്റ് ന്യൂസ്, മാർത്തോമായുടെ ചുണക്കുട്ടികൾ തുടങ്ങിയവയ്ക്കുമുണ്ട് ആരാധകരേറെ. ഇവയൊക്കെ നമ്മുടെ ആത്മീയജീവിതത്തെ സ്വാധീനിക്കുന്നുണ്ടെന്നത് വസ്തുതയാണ്. പ്രാർഥനാക്കൂട്ടങ്ങളിൽ മൊബൈൽ നോക്കി ബൈബിൾ വായിക്കുന്ന ചെറുപ്പക്കാരുണ്ട്. സൂക്ഷിച്ചു നോക്കേ, ശരിക്കും ഉണ്ടേ.! അതു തെറ്റാണോ ശരിയാണോ എന്നു പറയാൻ സാധിക്കില്ല. പക്ഷേ, വായിച്ചു കഴിഞ്ഞു ബൈബിൾ മുത്തുന്ന ശീലം നമുക്കുണ്ടല്ലോ. മൊബൈൽ മുത്താൻ പറ്റുമോ?.. അങ്ങനെ മുത്തുന്നവരുണ്ടാകുമോ ഇനി..



***ഗുണപരമാണോ മാറ്റം?***

മുൻപെങ്ങും ഇല്ലാത്തവിധം ഇന്റർനെറ്റ് ഓരോ മുക്കിലും മൂലയിലും എത്തിക്കഴിഞ്ഞു. എല്ലാക്കാലത്തും ക്രിസ്തുമതത്തിൽ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ഡിജിറ്റൽ യുഗത്തിൽ പരമ്പരാഗത ആത്മീയതയുടെ സ്വഭാവത്തിലും മാറ്റം വന്നു. ഇതു തെറ്റാണോ ശരിയാണോ എന്ന കാര്യത്തിൽ ഒരു തീർപ്പുണ്ടാക്കാനും സാധിക്കില്ല.

പുതിയ തലമുറയിലേക്ക് ആത്മീയ ആശയങ്ങൾ പ്രചരിപ്പിക്കാൻ സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്നവരുണ്ട്. മുൻപു പറഞ്ഞതുപോലെ നോമ്പും പെരുന്നാളുമൊക്കെ ആയി എന്നു കൗമാരക്കാർ അറിയുന്നതു തന്നെ ഫെയ്സ്ബുക്ക് പോലുള്ള സമൂഹമാധ്യങ്ങൾ വഴിയാണ്. നോമ്പ് കാലത്തു സമൂഹമാധ്യമങ്ങൾ വഴി ഓരോ ദിവസവും പ്രസംഗങ്ങൾ ചെറിയ ക്ലിപ്പുകളാക്കി തയാറാക്കുന്ന പുരോഹിതന്മാരുണ്ട്. എല്ലാ ദിവസവും മുടങ്ങാതെ പുലർച്ചെ തന്നെ

> സമൂഹമാധ്യമങ്ങളിൽ
> സജീവമായ പുരോഹിതന്മാരും
> സഭാപിതാക്കന്മാരും
> തങ്ങളുടെ സ്ഥാനം എന്താണെന്നു
> മനസ്സിലാക്കി ഇടപെടേണ്ടതുണ്ട്.
> ഡിജിറ്റൽ ബൈബിളിന്റെയും മറ്റ്
> ആരാധനക്രമങ്ങളുടെയും
> ഉപയോഗത്തെക്കുറിച്ചു
> സഭാതലത്തിൽ തന്നെ
> നിലപാടുകൾ ഉണ്ടാകണം.

പ്രബോധനങ്ങൾ സമൂഹമാധ്യമങ്ങളിൽ ഇടുന്ന തിരുമേനിമാരുണ്ട്. ഇവയൊക്കെ യുവാക്കളെ ഗുണപരമായി സ്വാധീനിക്കും എന്നതിൽ തർക്കമില്ല.

അടുത്തിടെ ബിബിസി ഫ്യൂച്ചറിൽ വന്ന ഒരു ലേഖനം ആത്മീയതയിലെ സോഷ്യൽ മീഡിയ ഇടപെടലിനെ വിശേഷിപ്പിക്കുന്നത് മതാനുഷ്ഠാനങ്ങളുടെ വികേന്ദ്രീകരണം എന്നാണ്. അതായത് ഓരോരുത്തരെയും വ്യക്തിപരമായി അഭിസംബോധന ചെയ്യുന്ന ആത്മീയത. കൈവെള്ളയിലെ സ്മാർട്ഫോണിൽ തെളിയുന്ന ആത്മീയത, ഒരുപക്ഷേ ആരാധനാലയങ്ങളിലെ ശബ്ദമുഖരിതമായ അന്തരീക്ഷത്തെക്കാളും ഇഷ്ടപ്പെടുന്നവരുണ്ടാകാം. എപ്പോൾ വേണമെങ്കിലും ബൈബിളിലെ വാക്യങ്ങൾ നോക്കാനും പ്രചോദനം നേടാനും ഇവിടെ സാധിക്കും. സെൽഫി






ഇന്ത്യക്കാരനല്ലാത്ത ആദ്യത്തെ കോൺഗ്രസ്സ് പ്രസിഡന്റ്?
ജോർജ്ജ് യൂൾ

രൂപായുടെ ചിഹ്നം ഔദ്യോഗികമായി അംഗീകരിച്ച വർഷം?
2010 ജൂലൈ 15

മൽസരങ്ങളും മറ്റുമായി സമൂഹമാധ്യമങ്ങളിൽ സജീവമാകുന്ന യുവജനപ്രസ്ഥാനങ്ങളുണ്ട്.

കഴിഞ്ഞ പ്രളയത്തിൽ മണിക്കൂറുകൾക്കകം സഹായസന്നദ്ധതയുമായി രംഗത്തിറങ്ങിയ നമ്മുടെ യുവജനപ്രസ്ഥാനം യൂണിറ്റുകളുണ്ട്. സമൂഹമാധ്യമങ്ങൾ വഴിയാണ് അതിന്റെയും കോ ഓർഡിനേഷൻ നടന്നതെന്നു നമുക്കറിയാം.

**ദോഷകരമാണോ മാറ്റം?**

ഗുണപരമായ ഇടപെടലുകൾ ഒട്ടേറെയുണ്ടെങ്കിലും സമൂഹമാധ്യമങ്ങൾ പലപ്പോഴും യുവാക്കളെ ആത്മീയതയിൽ നിന്നു പിറകോട്ട് വലിക്കാറുണ്ടെന്നതും യാഥാർഥ്യമാണ്. സ്ക്രീനിൽ നോക്കി ബൈബിൾ വായിക്കുമ്പോൾ പലപ്പോഴും നമ്മൾ അക്ഷരങ്ങൾ മാത്രമേ കാണാറുള്ളൂ. അന്തർലീനമായ അർഥതലങ്ങളും അവ ഉണ്ടായിവന്ന സാഹചര്യങ്ങളും ഗ്രഹിക്കാൻ സാധിച്ചെന്നു വരില്ല.

ന്യൂ ജെൻ ആത്മീയത ആളുകളെ പള്ളികളിൽ നിന്നും ആചാര അനുഷ്ഠാനങ്ങളിൽ നിന്നും പിറകോട്ടു വലിക്കുന്നുണ്ടോ എന്നതും ആശങ്കപ്പെടുത്തുന്നു. സഭയുടെ ചട്ടക്കൂടുകൾക്കു പുറത്തേക്കാണ് അവയുടെ സഞ്ചാരം. മതവിശ്വാസത്തിൽ നിന്നു പുറത്തുകടക്കാനുള്ള മാർഗങ്ങളാണ് സമൂഹമാധ്യമങ്ങളിൽ എമ്പാടും. അത്തരം ഗ്രൂപ്പുകളിലെ സംവാദങ്ങളും മറ്റും വിശ്വാസികളെ ചഞ്ചലപ്പെടുത്താൻ സാധ്യതയുണ്ട്.

വാട്സാപ് ഗ്രൂപ്പുകളിലെ വിഴുപ്പലക്കലുകൾ പല പള്ളികളിലും വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ലൈക്കുകളും ഷെയറുകളും തൃപ്തിപ്പെടുത്തുന്ന നമ്മുടെ ഈഗോ, ചെറിയ വിമർശനങ്ങളെപ്പോലും ഉൾക്കൊള്ളാൻ സാധിക്കാത്ത വിധം വളർന്നു പന്തലിക്കാറുണ്ട്.

സഭയ്ക്കുവേണ്ടി സമൂഹമാധ്യമങ്ങളിൽ പോരാട്ടം നടത്തുന്നവർ ചിലപ്പോഴെങ്കിലും അപഹാസ്യരാകുന്ന സാഹചര്യവുമുണ്ട്. വിമർശിച്ചു കൊണ്ടു വരുന്ന പോസ്റ്റുകൾക്കു താഴെ 'സഭാ സ്നേഹികൾ' എന്ന ലേബലിൽ പച്ചത്തെറി വിളിക്കുന്നവരുമുണ്ട്. സഭയോടുള്ള സ്നേഹമാണ് ഈ കാണിക്കുന്നതെന്ന് അവരും പറയാറുണ്ട് !.

പോണോഗ്രഫി പോലുള്ള തിന്മകളിലേക്കു ഒട്ടേറെ യുവാക്കളെ നയിക്കാൻ ഇന്റർനെറ്റ് യുഗത്തിനു സാധിച്ചിട്ടുണ്ട്. ജീവിതത്തിലെ വിശുദ്ധിയില്ലായ്മ കൗമാരക്കാരെയും യുവാക്കളെയും

വാട്സാപ് ഗ്രൂപ്പുകളിലെ വിഴുപ്പലക്കലുകൾ പല പള്ളികളിലും വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ലൈക്കുകളും ഷെയറുകളും തൃപ്തിപ്പെടുത്തുന്ന നമ്മുടെ ഈഗോ, ചെറിയ വിമർശനങ്ങളെപ്പോലും ഉൾക്കൊള്ളാൻ സാധിക്കാത്ത വിധം വളർന്നു പന്തലിക്കാറുണ്ട്.

അപകർഷതാബോധത്തിലേക്കും നിരാശയിലേക്കും വലിയ തെറ്റുകളിലേക്കും നയിക്കുന്നു.


**ഇടപെടൽ ഉണ്ടാകണം**

ഡിജിറ്റൽ യുഗത്തിലെ ന്യൂ ജെൻ ആത്മീയതയെ സഭ അഭിമുഖീകരിക്കേണ്ടതുണ്ട്. സമൂഹമാധ്യമങ്ങളിലെ ഇടപെടലുകൾ എത്രത്തോളം സൂക്ഷ്മമാകണമെന്നും മറ്റും പുതിയതലമുറയെ പഠിപ്പിക്കേണ്ടതുണ്ട്. ഒപ്പം തെറ്റായ കാര്യങ്ങളിൽ തിരുത്തൽ ശക്തിയായി സമൂഹമാധ്യമങ്ങൾ ഇടപെടുമ്പോൾ അവ അംഗീകരിക്കാനും സാധിക്കേണ്ടതുണ്ട്. കാരണം പുതിയ തലമുറയുടെ ശബ്ദം ചിലപ്പോഴെങ്കിലും അവിടെയാണു മുഴങ്ങുന്നത്.

ഓരോരുത്തരും വ്യക്തിപരമായി ഇക്കാര്യം പരിശോധിക്കേണ്ടതുണ്ട്. ഡിജിറ്റൽ യുഗം നമ്മെ എങ്ങനെയാണു സ്വാധീനിക്കുന്നതെന്നു കണ്ടെത്താൻ സാധിക്കണം. ദൈവത്തിലേക്ക് അടുക്കാനാണോ അകലാനാണോ അവ സഹായിക്കുന്നത്?. സമയംകൊല്ലിയാണോ? തെറ്റായ വഴികളിലേക്കു നയിക്കുന്നുണ്ടോ തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം.

മദ്ബഹായിൽ വരെ മൊബൈൽ ഇല്ലാതെ കയറാൻ സാധിക്കാത്തത്ര അഡിക്ഷൻ നമുക്കുണ്ടോ എന്നും പരിശോധിക്കാം. നിലപാടുകൾ വ്യക്തമാക്കുമ്പോഴും അതു സഭയെ അപകീർത്തിപ്പെടുത്താതെ, പൊളിറ്റിക്കൽ കറക്ട്നസോടെ അവതരിപ്പിക്കാനും സാധിക്കണം. സമൂഹമാധ്യമങ്ങളിൽ സജീവമായ പുരോഹിതന്മാരും സഭാപിതാക്കന്മാരും തങ്ങളുടെ സ്ഥാനം എന്താണെന്നു മനസ്സിലാക്കി ഇടപെടേണ്ടതുണ്ട്. ഡിജിറ്റൽ ബൈബിളിന്റെയും മറ്റ് ആരാധനക്രമങ്ങളുടെയും ഉപയോഗത്തെക്കുറിച്ച് സഭാതലത്തിൽ തന്നെ നിലപാടുകൾ ഉണ്ടാകണം. കാലത്തിനനുസരിച്ച് ആത്മീയതയെ നവീകരിക്കാൻ സഭയ്ക്കു സാധിക്കട്ടെ.

# പരിശുദ്ധന്റെ ജീവിതം മാതൃക ആക്കേണ്ട ആധുനിക യുവതലമുറ



**ജോജി പി. തോമസ്**
(കേന്ദ്ര ട്രഷറാർ)

കമ്പോളവൽകൃത സംസ്കാരത്തിൽ ലയിച്ചു ചേർന്ന ആധുനിക തലമുറ ആത്മീയതയിലും, സാമൂഹ്യതലത്തിലും ഏറെ പിമ്പോട്ടു പോയിരിക്കുന്നു എന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. ഇവിടെയാണ് നാം പരിശുദ്ധനായ പരുമല തിരുമേനിയുടെ ജീവിതത്തെ മാതൃക ആക്കേണ്ടത്. തന്റെ ഹ്രസ്വകാല ജീവിതം കൊണ്ട് അനേകർക്കു മാതൃക ആയ പരിശുദ്ധ ജീവിതം ഇന്ന് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

ഇന്നത്തെ യുവതലമുറ ആത്മീയതയിൽ നിന്ന് വേരിട്ട് പോകുന്ന ഒരു തലത്തിലേക്ക് എത്തി നിൽക്കുകയാണ്. ഞങ്ങൾ അനേകം പാഠങ്ങൾ പഠിക്കുന്നുണ്ട്. പക്ഷേ ജീവിതം പഠിക്കുന്നില്ല. ബുദ്ധിയുണ്ട്, വിവരം ഇല്ല, അറിവുണ്ട്, തിരിച്ചറിവില്ല.

ഇതിൽ നിന്നും ഒരു മാറ്റം നമുക്ക് കണ്ടെത്തുവാൻ പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിതത്തിൽ നിന്ന് നമുക്ക് കഴിയണം.

പരിശുദ്ധന്റെ ജീവിതത്തെക്കുറിച്ച് നാം ചിന്തിച്ചു നോക്കുമ്പോൾ എടുത്തുപറയേണ്ട ചില പ്രത്യേകതകളുണ്ട്.

**1. പ്രാർത്ഥനാപൂർണ്ണമായ ജീവിതം** :
പ്രാർത്ഥന എന്നതോ ശൈശവത്തിലെ ഉത്സാഹവും യൗവ്വനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവും ആകുന്നു എന്ന് പഠിപ്പിച്ച ആ പിതാവ് തന്റെ ജീവിത വിശുദ്ധിയിലൂടെ നമുക്ക് അത് പകർന്നു തന്നു. യൗവന കാലത്തെ സൃഷ്ടാവിനെ ഓർത്തുകൊള്ളുക എന്ന തിരുവചനം നിവർത്തിയാകുവാൻ ഈ പരിശുദ്ധന്റെ ജീവിതം നമുക്ക് നിമിത്തമാകണം.

പാശ്ചാത്യവൽക്കരണം, കമ്പോള വ്യവസ്ഥിതി ഒക്കെ തന്നെ പ്രാർത്ഥനയിൽ നിന്നും ആരാധനയിൽ നിന്നും എല്ലാം നമ്മെ അകറ്റുന്നു എന്നത് ഒരു വാസ്തവം തന്നെയാണ്. സീരിയൽ ആകുന്ന സമൂഹവും, റിയാലിറ്റി ഷോകളെ വെല്ലുന്ന ആത്മീക ഷോകളും ഒക്കെ ആധുനിക തലമുറയിൽ ഇടം പിടിച്ചപ്പോൾ, വിശുദ്ധിയുടെ ജീവിതം നയിച്ച വിശുദ്ധരെ നാം ഒരു പരിധിവരെ വിസ്മരിച്ചു പോകുന്നു എന്നതാണ് വാസ്തവം. പരിശുദ്ധനായ പരുമല തിരുമേനി യുടെ ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്ന ഈ വേളയിൽ പരിശുദ്ധന്റെ പ്രാർത്ഥനാ ജീവി തത്തെ മാതൃക ആക്കുവാൻ നമുക്ക് കഴിയണം.

**2. നാളെയെപ്പറ്റി ചിന്താഭാരം ഇല്ലാത്ത വ്യക്തിത്വം** : ഇന്നത്തെ സമൂഹത്തിന്റെ വലിയ ഒരു വെല്ലുവിളിയാണ് അവരുടെ അധികമായ ആധികൾ. നാളെയെപ്പറ്റി അധിക മായി ചിന്തിച്ച് തലപുണ്ണാക്കുന്ന ഒരു പറ്റം തല മുറ. ചിന്തകൾ അതിന്റെ പരമകോടിയിൽ അപ്പൻ തന്റെ മക്കളെമറക്കുന്നു. അമ്മ തന്റെ കുഞ്ഞിനെ കാണാതെ പോകുന്നു. ലോകം വെട്ടി പിടിക്കാൻ തേരോട്ടം ഓടുന്ന തലമുറയിൽ നല്ലതിനെയും തീയതിനെയും തിരിച്ചറിയാതെ പോകുന്നു. മറ്റുള്ളവർക്കുള്ളതൊക്കെ എനിക്ക് എങ്ങനെ സ്വന്തം ആക്കാം എന്ന് ചിന്തിക്കുന്ന തലമുറ.

**3. മനുഷ്യ സ്നേഹത്തിന്റെ സുവർണ്ണ ചിഹ്നം** :
പരിശുദ്ധനായ പരുമല കൊച്ചുതിരുമേനി മനുഷ്യ സ്നേഹത്തിന്റെ ഉറവിടമായിരുന്നു. സ്നേഹത്തിന്റെ ഉത്തമ പര്യായം എന്ന് പരിശുദ്ധനെ നമുക്ക് വിളിക്കുവാൻ കഴിയും, വേർതിരിവില്ലാത്ത വകവ്യത്യാസമില്ലാത്ത സ്നേഹത്തിന്റെ ഉത്തമ ഉറവിടം.

എന്നാൽ നാം ജിവിക്കുന്ന നാനോ ടെക്നോളജിയിൽ നമ്മുടെ സ്നേഹം ഞാനും നീയും ചേരുന്ന കേന്ദ്രീകൃതത്തിലേക്ക് മാറ്റപ്പെട്ടു എന്നതാണ് വാസ്തവം. എല്ലാം എന്റേത് എനിക്കുള്ളതുമാത്രം എന്ന ചിന്ത മനുഷ്യനെ കേവലം ഒരു സ്വാർത്ഥനാക്കി മാറ്റി എന്നതാണ് വാസ്തവം.

അഗാപ്പ എന്ന ക്രിസ്തുവിന്റെ സ്നേഹത്തെ ജീവിതത്തിൽ ഉടനീളം പകർത്തിയെടുക്കുവാൻ



പേയ്മെന്റ് ബാങ്കുകളുടെ രൂപീകരണത്തിന് ശുപാർശ ചെയ്ത കമ്മീഷൻ?
നജികേത് മോർ കമ്മീഷൻ

കാണ്ഡഹാർ ശിലാഫലകങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ?
അരമായ്ക്

അദ്ദേഹം തന്റെ ജിവിതത്തിലും ശ്രമിച്ചു എന്നതിന്റെ ഉത്തമ ഉദാഹരണമാണ് പരിശുദ്ധന്റെ, കബറിങ്കലേക്ക് കടന്നുവരുന്ന നാനാജാതി മതസ്ഥതരുടെ വിശ്വാസം.

**4. ജീവിത വിശുദ്ധിയുടെ മനുഷ്യത്വം :**

പരിശുദ്ധനായ പരുമല തിരുമേനിയുടെ ജീവിതം മനുഷ്യ ജീവിതത്തിലെ ഏറ്റവും ശ്രേഷ്ഠമായ ജീവിതതാങ്ങായ ഒന്നായിരുന്നു പ്രാർത്ഥനയും, ഉപവാസവും തന്റെ സന്തത സഹചാരിയായി കൊണ്ട് നടന്ന മഹാപരിശുദ്ധൻ തന്റെ ജീവിതത്തെ വിശുദ്ധിയുടെ വെൺമകൊണ്ട് നിറച്ചു എന്നതിൽ യാതൊരു സംശയവുമില്ല.

ലോകം അതിന്റെ പുരോഗതിയുടെ പാതയിൽ മുൻപോട്ട് ചലിക്കുമ്പോൾ, മനുഷ്യൻ തന്റേതായ ലോകത്തിൽ വലിയവൻ ആകുവാൻ ശ്രമിക്കുമ്പോൾ അവൻ സ്വയം അവന്റെ ജീവിത വിശുദ്ധിയെ മറന്നുകളയുന്നു എന്നത് വാസ്തവമായ കാര്യമാണ്. തന്റെ ജീവിതം സുരക്ഷിതമായ പാളയത്തിൽ കൊണ്ടെത്തിക്കുവാൻ ശ്രമിക്കുന്ന ആധുനിക ടെക്നോളിജിയിൽ യുവത ഇന്ന് വിശുദ്ധിയുടെ ജീവിതത്തിൽ നിന്നും മാറ്റപ്പെടുന്നു എന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ ഒരു തിരിച്ചു വരവ് ആവശ്യമുണ്ടോ? വിശുദ്ധരുടെ ജീവിതത്തിലൂടെ നമുക്ക് ആ വിശുദ്ധ ജീവിതം സ്വായത്തമാക്കുവാൻ കഴിയണം.

ദൈവം ലോകത്തിനു നൽകിയ മഹാപരിശുദ്ധനാണ് പരിശുദ്ധനായ പരുമല കൊച്ചുതിരുമേനി. നിത്യമായ സമാധാനം കൈവരിക്കുവാൻ നമ്മുടെ ആത്മീക ജീവിതത്തിനു കഴിയുമെന്ന് പരുമല കൊച്ചു തിരുമേനി തന്റെ ജീവിതത്തിലൂടെ തെളിയിച്ചു. ക്രിസ്തുവിനെപ്പോലെ സമൂഹത്തിന്റെ താഴേക്കിടയിൽ ഉള്ളവരേയും, രോഗികളെയും എല്ലാവരേയും ഒരുപോലെ കാണുവാനും പരിശുദ്ധനായ പരുമല കൊച്ചു തിരുമേനി ശ്രമിച്ചു.

ആ മഹാപരിശുദ്ധനെ നമുക്ക് മാതൃക ആക്കാം. ആ പരിശുദ്ധന്റെ ജീവിതത്തിലെ എല്ലാ മൂല്യങ്ങളെയും നമുക്ക് ഈ ഓർമ്മപ്പെരുന്നാളിലൂടെ സ്വാംശീകരിക്കാം. യുവതലമുറ ആ പരിശുദ്ധനെ ഉത്തമ മാതൃക ആക്കുവാൻ ഇടയാക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

●

സുറിയാനി പദപരിചയം



ഫാ. മാത്യു വർഗ്ഗീസ്, റോം


# മൗദ്യോന്യൂസോ

വിശുദ്ധ കുമ്പസാരത്തിനു മുമ്പായി കുമ്പസാരിക്കുന്ന ആൾ അനുതാപത്തോടും സങ്കട ഹൃദയത്തോടും നടത്തുന്ന പ്രാർത്ഥനകളെയാണ് 'മൗദ്യോനൂസോ' എന്നറിയപ്പെടുന്നത്. വി.കുമ്പസാരത്തെ സൂചിപ്പിക്കാൻ ഈ പദം ഉപയോഗിക്കുന്നുണ്ടെങ്കിലും ഏറെ വിപുലമാണ് ഇതിന്റെ അർത്ഥതലങ്ങൾ. 'യ്ദോ' എന്ന ക്രിയാധാതുവിൽനിന്ന് വരുന്ന 'ഔദി' എന്നിതിൽനിന്ന് രൂപപ്പെടുന്ന 'മൗദ്യോനൂസോ' എന്ന വാക്കിന് ഏറ്റുപറച്ചിൽ (confession) അംഗീകരിക്കുക (acknowledgement), കൃതജ്ഞതാർപ്പണം (giving of thanks), വിശ്വാസ പ്രഖ്യാപനം (Profession of faith), വിശ്വാസ സാക്ഷീകരണം എന്നിങ്ങനെ നിരവധിയർത്ഥങ്ങൾ ഉണ്ട്. സന്യാസികൾ നടത്തുന്ന വ്രതവാഗ്ദാനത്തേയും (Profession of Virginity) ഈ വാക്ക്കൊണ്ടാണ് അറിയപ്പെടുന്നത്. വി.കുമ്പസാരം അനുതാപപൂർവ്വമായ ഏറ്റുപറച്ചിലാണ് എന്ന് ഈ വാക്ക് സന്ദേശിക്കുന്നു.

ഇതിൽനിന്ന് രൂപപ്പെടുന്ന മറ്റൊരു പ്രധാന പദമാണ് 'മൗദ്യാനന്മാർ' (മൗദ്യോനേ) എന്നുള്ളത്. ക്രൈസ്തവ പീഢന കാലത്ത് ധീരമായി ക്രിസ്തുവിനേയും ക്രിസ്തു വിശ്വാസത്തേയും ഏറ്റുപറഞ്ഞ വിശ്വാസവീരന്മാരാണ് മൗദ്യാനന്മാർ (confessors) ക്രിസ്തുവിനുവേണ്ടി രക്തസാക്ഷ്യം വഹിച്ചവരാണ് സഹദേന്മാർ എങ്കിൽ ഏറെ ദുഷ്ക്കരമായ സാഹചര്യത്തിൽ വിശ്വാസസാക്ഷ്യം വഹിച്ചവരാണിവർ. വിശ്വാസ സമർത്ഥകന്മാർ എന്നുകൂടി ഇവരറിയപ്പെടുന്നു. രണ്ടാം നൂറ്റാിൽ ജീവിച്ചിരുന്ന ജസ്റ്റിൻമാർട്ടിയറും (യൂസ്തിനോസ്- എഡി 166), പാശ്ചാത്യ സഭയിൽ, ടൂർസിലെ മാർട്ടിനും ഈ ഗണത്തിൽ പ്രമുഖരാണ്. ഉയിർപ്പിനു ശേഷമുള്ള ആദ്യവെള്ളിയാഴ്ച (ഹേവോറെ വെള്ളി) മൗദ്യാനന്മാരുടെ ഓർമ്മ പ.സഭ ആചരിക്കുന്നു. ക്രിസ്തീയ വിശ്വാസിയെ കുറിക്കാനും ഈ വാക്ക് ഉപയോഗിക്കുന്നു. വിശ്വാസി ക്രിസ്തുവിനെ സാക്ഷിക്കുന്നവനാണ്. ക്രൈസ്തവന്റെ ജീവിതം ക്രിസ്തുവിനെ പ്രഘോഷിക്കണം എന്നിങ്ങനെയുള്ള അർത്ഥതലങ്ങൾ ഈ പദം സമ്മാനിക്കുന്നുണ്ട്. അനുതാപിയെ സൂചിപ്പിക്കുവാനും ഈ വാക്കുതന്നെ ഉപയോഗിക്കുന്നു. അന്ത്യോഖ്യൻ സുറിയാനി പാരമ്പര്യത്തിൽ മൗദ്യോനേ (confessor of faith) എന്നുള്ള ശെമ്മാശന്മാരുടെ ഒരു ഗണമുണ്ട്.

നിയമവീഥി

# മനുഷ്യാവകാശങ്ങൾ ഇന്ത്യയിൽ



അഡ്വ. ബിജോ മാത്യു ജോയി

മനുഷ്യാവകാശങ്ങൾ ഓരോ വ്യക്തിയ്ക്കും തങ്ങളുടെ അന്തസ്സും മഹത്വവും അംഗീകരിക്കപ്പെടുന്നതിനും തുല്യരീതിയിലുള്ള സ്വാതന്ത്ര്യം, അവകാശം, നീതി എന്നിവ ഉറപ്പാക്കി സമൂഹത്തിൽ ജീവിക്കുന്നതിനും വേണ്ടിയുള്ളതാണ്. അഭിപ്രായ സ്വാതന്ത്ര്യം, മതവിശ്വാസം, സ്വകാര്യത എന്നിവയ്ക്കുള്ള സംരക്ഷണം, ഭക്ഷണം, വസ്ത്രം, പാർപ്പിടം, ശുദ്ധജലം എന്നിവയോടു കൂടിയ ജീവിതം നയിക്കുന്നതിനുള്ള അവകാശം, വാർദ്ധക്യം, ശാരീരിക ബലഹീനതകൾ എന്നീ അവസ്ഥയിൽ ലഭിക്കേണ്ട കരുതലും സംരക്ഷണവും, കുറ്റവാളി ആയിരിക്കുമ്പോഴും നിയമത്തിനുമുമ്പിൽ ലഭിക്കേണ്ട പരിഗണനകളും അവകാശങ്ങളും, അന്യായമായി തടവിൽ വെക്കുന്നതിൽനിന്നുള്ള മോചനം, എന്നിവയൊക്കെയും മനുഷ്യാവകാശങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നവയാണ്. നീതി മനുഷ്യാവകാശങ്ങളിൽ ഏറെ പ്രധാനപ്പെട്ടതാണ്. നീതി നിഷേധം ഏറ്റവും വലിയ മനുഷ്യാവകാശ ലംഘനവുമാണ്. എന്നാൽ ഇന്ന് മനുഷ്യാവകാശങ്ങൾ ജീവനും സ്വത്തിനും മാത്രമുള്ള അവകാശങ്ങളായി ചുരുക്കപ്പെട്ടുപോകാറുണ്ട്.

ലോക സമാധാനവും സുരക്ഷയും ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ട ഐക്യരാഷ്ട്ര സംഘടന (UNO) 1948 ഡിസംബർ 10 നു പാരീസിൽവച്ച് അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനം (Universal Declaration of Human Rights, UDHR) പാസ്സാക്കി അംഗീകരിച്ചു. രണ്ടാം ലോക മഹായുദ്ധത്തിന്റെ അനുഭവങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന മനുഷ്യാവകാശങ്ങളെപ്പറ്റിയുള്ള ആഗോള പ്രഖ്യാപനമായി ഇത് കണക്കാക്കപ്പെട്ടു. മേൽ പ്രഖ്യാപനപ്രകാരം ജാതി, മതം, വംശം, പൗരത്വം, വിശ്വാസം, സംസ്ക്കാരം, സ്ത്രീ–പുരുഷ സമത്വം എന്നീ വിഷയങ്ങളിൽ അവകാശ സംരക്ഷണത്തിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ലോകരാജ്യങ്ങളോട് ഐക്യരാഷ്ട്ര സംഘടന നിർദ്ദേശം നൽകി.

1950ൽ ഇന്ത്യൻ ഭരണഘടന നിലവിൽ വന്നപ്പോൾ മേൽപ്പറഞ്ഞ മനുഷ്യാവകാശങ്ങൾ മൗലീകാവകാശങ്ങളായും (Fundamental Rights) നിർദ്ദേശക തത്വങ്ങളായും (Directive Principles) ഭരണഘടനയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നിരുന്നാലും മൗലികാവകാശങ്ങളേക്കാൾ വ്യാപ്തിയുള്ള മനുഷ്യാവകാശങ്ങൾ (ഉദാ: ശുദ്ധജലം, ശുദ്ധവായു, മലിനമാകാത്ത ചുറ്റുപാട്) സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത ഉൾക്കൊണ്ടുകൊണ്ട് 1993 ൽ ഇന്ത്യയിൽ മനുഷ്യാവകാശ സംരക്ഷണ നിയമം (The Protection of Human Rights Act, 1993) നിലവിൽ വന്നു. ഇതനുസരിച്ചു മനുഷ്യാവകാശങ്ങൾ സംരക്ഷിക്കേണ്ടതിനും നീതി ഉറപ്പാക്കേണ്ടതിനുമായി 1994 ൽ ദേശീയ മനുഷ്യാവകാശ കമ്മീഷനും അതിനുശേഷം സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളും രൂപീകരിക്കപ്പെട്ടു.

മനുഷ്യാവകാശ ലംഘനങ്ങൾ ചോദ്യം ചെയ്യപ്പെടുന്ന സംവിധാനം എന്ന നിലയിൽ മനുഷ്യാവകാശ കമ്മീഷനുകൾക്ക് ജനങ്ങളുടെ ഇടയിൽ സ്വീകാര്യതയുണ്ട്. എന്നാൽ മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ നടപടിയെടുക്കുന്നതിനുള്ള അധികാരമില്ലായ്മ കമ്മീഷനുകളുടെ ഏറ്റവും വലിയ പോരായ്മയായി ചൂണ്ടിക്കാട്ടപ്പെടാറുണ്ടെങ്കിലും കമ്മീഷനുകൾക്കു മുമ്പിൽ വരുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിന് ഉത്തരവിടുന്നതിനും, വേണ്ട നഷ്ടപരിഹാരം നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സർക്കാരുകളെ നിർദ്ദേശിക്കുന്നതിനും കമ്മീഷനുകൾക്ക് അധികാരമുള്ളതാണ്. മേൽപ്പറഞ്ഞ മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവുകളോ നിർദ്ദേശങ്ങളോ ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങൾ പാലിക്കപ്പെടാതിരിക്കുന്ന പക്ഷം കമ്മീഷനുകൾക്കു ആയതു ബന്ധപ്പെട്ട നീതിന്യായ കോടതികൾ (High Courts / Supreme Court) മുഖേന ചോദ്യം ചെയ്യപ്പെടുന്നതിനും അധികാരമുള്ളതാണ്.

അമർനാഥ് യാത്ര ആരംഭിക്കുന്ന സ്ഥലം?
പഹൽഗാം

അച്ചടി ആരംഭിച്ച രാജ്യം?
ചൈന

രാജ്യത്തു ഏതൊരു പൗരനും ചിലവുകൂടാതെ തങ്ങളുടെ പരാതികൾ (മനുഷ്യാവകാശ ലംഘനങ്ങളായി കണക്കാക്കപ്പെടാവുന്നവ) മനുഷ്യാവകാശ കമ്മീഷനുകൾക്കു നൽകുന്നതിലും ആയതിന്മേൽ നടപടികൾ കൈക്കൊള്ളുന്നതിനും ഇന്ന് സാദ്ധ്യത ഉണ്ട് എന്ന് നാം മനസ്സിലാക്കണം. മനുഷ്യാവകാശ ധ്വംസനങ്ങൾ നടക്കുമ്പോൾ ഇരയായ വ്യക്തിക്കോ, അയാൾക്കുവേണ്ടി മറ്റാർക്കെങ്കിലുമോ അവയെ സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി പരാതി തയ്യാറാക്കി കമ്മീഷന് മുമ്പാകെ സമർപ്പിക്കാം. പരാതികൾക്ക് പ്രത്യേക രൂപമോ രീതിയോ നിർബന്ധമില്ല. പരാതിയുടെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ ലംഘനങ്ങൾ ബോധ്യപ്പെട്ടാൽ നഷ്ടപരിഹാരം ഉൾപ്പെടെയുള്ള നടപടികൾ കമ്മീഷന് ഭരണകൂടത്തോടും ബന്ധപ്പെട്ട അധികാരികളോടും നിർദ്ദേശിക്കാം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ജോലി സ്ഥലങ്ങൾ തുടങ്ങിയവയിലൊക്കെ നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങളെ പരിശോധിച്ചു അന്വേഷണം നടത്തുന്നതിനും കമ്മീഷനുകൾക്കു 1993 ലെ മനുഷ്യാവകാശ സംരക്ഷണ നിയമപ്രകാരം അധികാരമുണ്ട്.

ഗൗരവകരമായ സാമൂഹിക – മനുഷ്യാവകാശ പ്രശ്നങ്ങളിൽ കമ്മീഷനുകൾ പുലർത്തുന്ന ജാഗ്രത പ്രശംസനീയമാണ്. എന്നാൽ മനുഷ്യാവകാശ ലംഘനങ്ങളെ പരസ്യമായി ന്യായീകരിക്കാൻ മടികാട്ടാത്ത ഭരണകൂടങ്ങൾ ഈ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നു എന്ന് പറയാതിരിക്കുവാനും തരമില്ല. ജനാധിപത്യ മതേതരത്വ രാജ്യങ്ങളിൽ മനുഷ്യാവകാശ ലംഘനങ്ങൾ പൊതുവേ കുറവായിരിക്കുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. എന്നാൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന കണക്കുകൾ പ്രകാരം നിലവിൽ 21, 382 പരാതികൾ ദേശീയ കമ്മീഷന്റെ മാത്രം പരിഗണനയിലുണ്ട് എന്നാണ് വ്യക്തമാക്കുന്നത്.

*(ലേഖകൻ സുപ്രീംകോടതി അഭിഭാഷകനും ദേശീയ മനുഷ്യാവകാശ കമ്മീഷൻ പാനൽ അഡ്വക്കേറ്റും ആണ്)*

●

ആരോഗ്യം




**ഡോ.റൂബി രാജു**
പരുമല ക്യാൻസർ സെന്റർ


# ക്യാൻസർ എങ്ങനെ പ്രതിരോധിക്കാം....

ക്യാൻസർ രോഗം എന്ന് കേൾക്കുമ്പോൾ തന്നെ നമുക്കും ക്യാൻസർ വരുമോ എന്ന പേടിയാണ്. ക്യാൻസർ രോഗം പിടിപെട്ടതിന് ശേഷം മാത്രം ക്യാൻസർ രോഗത്തെപ്പറ്റി ചിന്തിക്കുകയും അതിനെ തുടച്ച് നീക്കാൻ ഉള്ള മാർഗങ്ങൾ നോക്കുകയും ചെയ്യുന്നതാണ് കേരളത്തിൽ അഥവാ ഇന്ത്യൻ ജനതയിൽ കണ്ടുവരുന്ന ഒരു പ്രവണത.

**എന്താണ് ക്യാൻസർ?**

ശരീരത്തിലെ കോശങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ പെറ്റുപെരുകുന്ന അവസ്ഥയാണ് ക്യാൻസർ

**എങ്ങനെ ക്യാൻസർ ഉണ്ടാകുന്നു.**

ശരീരകോശങ്ങൾക്ക് ജനിതകമായ വ്യതിയാനങ്ങൾ സംഭവിക്കുമ്പോൾ, പുകവലി, മദ്യപാനം, റേഡിയേഷൻ, പാൻ ഉൽപ്പന്നങ്ങൾ, രാസവസ്തുക്കൾ, വൈറസ് അണുബാധ മുതലായവയാണ്.

കുറഞ്ഞത് ഒരു സമയത്ത് 25–30 ലക്ഷം ക്യാൻസർ രോഗികൾ ഇന്ത്യയിൽ ഉണ്ട്. ഓരോ കൊല്ലവും 8 ലക്ഷം പുതിയ ക്യാൻസർ രോഗികൾ ഉണ്ടാകുന്നു. അതായത് ഒരു ലക്ഷം പേരിൽ 100–130 പേർ ക്യാൻസർ ബാധിതരാണ്. ഇതിൽ 70–80 ക്യാൻസറും കണ്ടുപിടിക്കാൻ വൈകുന്നു. ആ സമയത്ത് ചികിത്സ പ്രയാസമായിരിക്കും. ഭൂരിഭാഗം ക്യാൻസറും നേരത്തെ കണ്ടെത്താൻ കഴിഞ്ഞാൽ പൂർണ്ണമായും ചികിത്സിച്ചും ഭേദമാക്കാൻ സാധിക്കുന്നവയാണ്.

ഇന്ത്യക്കാരിൽ കൂടുതലും കാണുന്ന ക്യാൻസറുകളിൽ പുരുഷന്മാരിൽ കാണുന്ന വായയിലും തൊണ്ടയിലും വരുന്ന ക്യാൻസർ, ശ്വാസകോശാർബുദം, ആമാശയത്തിലെ ക്യാൻസർ, പ്രോസ്റ്റേറ്റ് ക്യാൻസർ. സ്ത്രീകളിൽ കണ്ടുവരുന്ന സെർവിക്കൽ ക്യാൻസർ, ബ്രസ്റ്റ് ക്യാൻസർ തൈറോയിഡ് ക്യാൻസർ, പ്രായമായവരിൽ കണ്ടുവരുന്ന മൾട്ടിപ്പിൾ മൈലോമ, രക്താർബുദങ്ങൾ മുതലായവയാണ്.

**എല്ലാ ക്യാൻസറും മുഴകളായോ വ്രണങ്ങളായോ ആണോ വരുന്നത്?**

രക്താർബുദത്തിൽ വ്രണങ്ങളോ, ചിലപ്പോൾ പ്രകടമായ മുഴകളോ ഉണ്ടാകാറില്ല. സാധാരണയായി, തലച്ചോറിലേയും ആന്തരികാവയവങ്ങളെയും ബാധിക്കുന്ന ക്യാൻസർ പുറമേ അറിയുവാൻ സാധിക്കണമെന്നും ഇല്ല.

**ക്യാൻസർ വരുന്നത് തടയാൻ സാധിക്കുമോ?**


ഭൂരിഭാഗം രോഗങ്ങളും നമ്മുടെ ജീവിതരീതിയിലെ പ്രശ്നങ്ങൾ കൊണ്ടാണ് ഉണ്ടാകുന്നത്. ശരിയായ ജീവിതരീതിയിലൂടെ ഒട്ടുമിക്ക ക്യാൻസറുകളും നമുക്ക് തടയാം.

പുകവലി പൂർണ്ണമായും വർജ്ജിക്കുക, പുകവലി മൂലം വായിലും തൊണ്ടയിലും, ശ്വാസകോശത്തിലും ഉണ്ടാകുന്ന ക്യാൻസർ ആമാശയത്തിലെ സെർവിക്കൽ, സ്തനാർബുദം കുടലിൽ വരുന്ന ക്യാൻസർ ശ്വാസനാളത്തിലെ ക്യാൻസർ മുതലായവ ഉണ്ടാകുന്നു.

അടുത്ത ബന്ധുക്കൾക്ക് കാൻസർ രോഗം ഉണ്ടെങ്കിൽ Eg: ബ്രസ്റ്റ് കാൻസർ പോലെ ഉള്ളവ സ്ക്രീനിങ്ങ് ടെസ്റ്റുകൾ റഗുലർ ആയി നടത്തുന്നത് രോഗത്തെ ഒരു പരിധി വരെ നേരത്തെ കണ്ടെത്തി ചികിത്സിക്കുവാൻ കഴിയും.

**മദ്യപാനം ഒഴിവാക്കിയാൽ**

കരൾ, ആമാശയം, വായ്, തൊണ്ട, അന്നനാളം, വൻകുടൽ തുടങ്ങിയവയെ ബാധിക്കുന്ന ക്യാൻസർ എന്നിവ തടയാം.



**വാക്സിൻ എടുക്കുന്നതിലൂടെ**

Hep.B വാക്സിൻ എടുക്കുന്നത് കരളിനെ ബാധിക്കുന്ന ക്യാൻസർ വരുന്നത് ഒരു പരിധിവരെ തടയാം.

HPV Vaccine എടുക്കുന്നതിലൂടെ സെർവിക്കൽ ക്യാൻസർ വരുന്നത് തടയാം.

**നിങ്ങൾ ചെയ്യേണ്ടത്**

- പുകവലി, മദ്യപാനം, പാൻ ഉത്പന്നങ്ങൾ എന്നിവ പൂർണ്ണമായും ഉപേക്ഷിക്കുക
- കൊഴുപ്പ് കൂടിയ ആഹാരങ്ങൾ കുറയ്ക്കുക ഭക്ഷണത്തിൽ പഴവും പച്ചക്കറികളും ധാരാളം ഉൾപ്പെടുത്തുക
- ജങ്ക് ഫുഡ്സ് ഉപയോഗം കുറയ്ക്കുക
- എല്ലാ കാര്യത്തിലും ശുചിത്വം പാലിക്കുക
- മത്സ്യവും തൊലികളഞ്ഞ കോഴി ഇറച്ചിയും ഉപയോഗിക്കാം
- കരിഞ്ഞ ഭക്ഷണം ഒഴിവാക്കുക
- പതിവായി സ്വയം സ്തനപരിശോധന നടത്തുക. ആവശ്യമെങ്കിൽ മാമോഗ്രാം ചെയ്യുക.
- 35 വയസ്സു കഴിഞ്ഞ സ്ത്രീകൾ പാപ്സ്മിയർ ടെസ്റ്റുകൾക്ക് വിധേയരാക്കണം
- ശരീരഭാരം അമിതമായി കൂടുകയോ കുറയുകയോ ചെയ്യരുത്.
- പതിവായി വ്യായാമം ചെയ്യുക.
- രോഗത്തിന്റേതായ എന്തെങ്കിലും സംശയം തോന്നിയാൽ ഉടനെ ഡോക്ടറെ സമീപിക്കുക.

അതായത് തടുപ്പുകൾ, മുഴകൾ വളരുന്ന മറുകുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ഡോക്ടറിനെ കണ്ട് രോഗം ഇല്ല എന്ന് ഉറപ്പ് വരുത്തുക. ക്യാൻസർ എല്ലാത്തിന്റെയും അവസാനം അല്ല. ക്യാൻസർ ചികിത്സാരംഗത്ത് വൈദ്യശാസ്ത്രം ഒരുപാട് മുന്നേറിയിട്ടുണ്ട്. മികച്ച ചികിത്സ നൽകുന്ന ആശുപത്രികൾ കേരളത്തിൽ ധാരാളം ഉണ്ട്. രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ വരാതെ സൂക്ഷിക്കുന്നതാണ് നല്ലത്.

2019 World Cancer theme തന്നെ I am and i will രോഗബാധിതരെ അകറ്റി നിർത്താതെ ചേർത്ത് പിടിക്കുക കൈതാങ്ങലുകൾ നൽകുക. Western countries ലെ പോലെ തന്നെ എല്ലാ ആധുനിക ചികിത്സാരീതികളും സ്കാനിംഗുകളും നമുക്ക് ലഭ്യം ആണ് അത് പ്രയോജനപ്പെടുത്തി കരുതലോടെ ജീവിക്കുക.

●



വർത്തുള വിപ്ലവം ഏതു വിളയുമായി ബന്ധപ്പെട്ടാണ്?
ഉരുളക്കിഴങ്ങ്

ദേശീയ മാതൃസുരക്ഷാദിനം ആരുടെ ജന്മദിനമാണ്?
കസ്തൂർബാ ഗാന്ധി

# യുവാക്കൾ സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കണം :

## പരി. കാതോലിക്കാ ബാവാ




മുംബൈ: ദൈവവചനത്തിൽ അധിഷ്ഠിതമായ യുവജനത ലോകത്തിന്റെ ദർശനമാണെന്നും യുവാക്കൾ സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കണമെന്നും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം രാജ്യാന്തര സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു പരി.കാതോലിക്കാ ബാവ. പ്രസ്ഥാനം പ്രസിഡന്റ് ഡോ.യൂഹാനോൻ മാർ ക്രിസ്റ്റമോസ് അദ്ധ്യക്ഷത വഹിച്ചു.

ബോബെ ഭദ്രാസന മെത്രാപ്പോലീത്ത ഗീവർഗ്ഗീസ് മാർ കൂറിലോസ്, അഹമ്മദാബാദ് ഭദ്രാസന മെത്രാപ്പോലീത്ത ഗീവർഗ്ഗീസ് മാർ യൂലിയോസ്, ഫാ.തോമസ് ചാക്കോ, ഫാ.വർഗ്ഗീസ്, ഫാ.വർഗ്ഗീസ് ടി.വർഗ്ഗീസ്, ഫാ. അജി.കെ.തോമസ്, ഫാ.ജോർജ്ജ് എബ്രഹാം, ജോജി പി..തോമസ് എന്നിവർ പ്രസംഗിച്ചു.

### കേന്ദ്ര കലാമേള

OCYM കേന്ദ്ര കലാമേള 2020 ജനുവരി 11 ശനിയാഴ്ച രാവിലെ 9 മണിമുതൽ കൊട്ടാരക്കര-പുനലൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടക്കും. ഭദ്രാസന തലത്തിലുള്ള കലാമത്സരങ്ങൾ പൂർത്തീകരിച്ച് 2019 ഡിസംബറിനു മുമ്പായി കേന്ദ്ര ഓഫീസിൽ ലിസ്റ്റുകൾ എത്തിക്കണമെന്ന് ജന.സെക്രട്ടറി ഫാ.അജി കെ.തോമസ് അറിയിച്ചു.



**ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കേന്ദ്ര പ്രസിഡന്റ് അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത ഫ്രാൻസിലെ ലൂർദ്ദ് പള്ളി സന്ദർശിച്ചു.**

### യുവജനസംഗമം

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം യുവജനസംഗമം 2019 ഒക്ടോബർ 27 ഞായർ 2 pm മുതൽ പരുമല സെമിനാരി ചാപ്പലിൽവച്ച് നടക്കും. പരി.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് ഉദ്ഘാടനം നിർവ്വഹിക്കും. പ്രസ്ഥാനം പ്രസിഡന്റ് അഭി.ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കുകയും മനോരമാ ന്യൂസ് ചാനൽ ന്യൂസ് ഡയറക്ടർ ജോണി ലൂക്കോസ് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്യും. പ്രസ്തുത സമ്മേളനത്തിൽ ജീവകാരുണ്യ അവാർഡ് നേടിയ യൂണിറ്റുകളേയും ഒ.സി.വൈ.എം. മത്സര പരീക്ഷകളിൽ വിജയിച്ചവരെയും ആദരിക്കും.




# ഒ.സി.വൈ.എം. 83–ാമത് രാജ്യാന്തര സമ്മേളനം സമാപിച്ചു.

മുംബൈ : ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം 83-ാമത് രാജ്യാന്തര സമ്മേളനം മുംബൈ, റോഹാ, ഗ്രീഗോറിയൻ കമ്മ്യൂണിറ്റിയിലെ മാർ തേയോഫിലോസ് നഗറിൽ സമാപിച്ചു. സമാപന സമ്മേളനം ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. സ്നേഹത്തിൽ അധിഷ്ഠിതമായി സേവനവും നന്മയും മാനവരാശിക്ക് ചെയ്യുവാൻ യുവജനത ഉത്സാഹിക്കണമെന്നു ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം ഓർമ്മിപ്പിച്ചു. പ്രസിഡൻറ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അധ്യക്ഷത വഹിച്ചു. സമാപന സമ്മേളനത്തിൽ സപ്തതി ആഘോഷിക്കുന്ന ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയെ ആദരിച്ചു. ഡോ ഗീവർഗീസ് മാർ യൂലിയോസ്, ഫാ വർഗീസ് റ്റി വർഗീസ്, ഫാ അജി കെ തോമസ്, ശ്രീ ജോജി പി തോമസ്, ഫാ ജോർജ്ജ് എബ്രഹാം, സഭ മാനേജിങ് കമ്മറ്റി അംഗം ശ്രീ റോണി വർഗീസ്, കേന്ദ്ര സെക്രട്ടറിമാരായ ഷിജോ കെ. മാത്യു, റോയി തങ്കച്ചൻ, എൽജോവ് സി. ചുമ്മാർ, മത്തായി റ്റി. വർഗ്ഗീസ്, ജോബി.റ്റി. ലാൽ, ബേസിൽ ജോസഫ്, അരുൺ ബിജോയി, റെനോ പി. രാജൻ, വിനോദ് ഈപ്പൻ, അലക്സ് മാത്യു, സാബു വർഗ്ഗീസ്, ജെയ്സി ബിജു, ജെഫ്രി ജോൺ തോമസ്, ബ്ലസ്സൻ എബ്രഹാം എന്നിവർ പ്രസംഗിച്ചു.

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ.ജോസഫ് മാർ ദീവന്നാസിയോസ്, ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ്, ഫാ.ബിജേഷ് ഫിലിപ്പ്, റവ.നോബിൾ എബ്രഹാം, ഡോ.റ്റിജു തോമസ്, ഫാ.ഫിലിപ്പ് തരകൻ, ഫാ.സ്റ്റീഫൻ വർഗ്ഗീസ് എന്നിവർ വിവിധ ദിവസങ്ങളിൽ നടന്ന ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

കലാമേളയിൽ വിജയികളായവർ, ജീവകാരുണ്യ അവാർഡിന് അർഹരായവർ എന്നിവരെ പ്രത്യേകം ഉപഹാരം നൽകി ആദരിച്ചു. ഇന്ത്യക്ക് പുറത്തുനിന്നുള്ള പ്രതിനിധികൾ ഉൾപ്പെടെ ക്യാമ്പിൽ ഏകദേശം 450 ഓളം പ്രതിനിധികൾ പങ്കെടുത്തു.

ബോംബെ ഭദ്രാസന യുവജന പ്രസ്ഥാനമാണ് ഇത്തവണത്തെ കോൺഫറൻസ് ആതിഥേയത്വം വഹിച്ചത്. 2020 ലെ ഓർത്തഡോക്ൾസ് രാജ്യാന്തര സമ്മേളനം മാവേലിക്കര ഭദ്രാസന യുവജനപ്രസ്ഥാനം ആതിഥേയത്വം വഹിക്കും.

### അഖണ്ഡപ്രാർത്ഥന

പരി.പരുമല തിരുമേനിയുടെ ആദ്യകാല വസതിയായ അഴിപ്പുരയിൽ 144 മണിക്കൂർ ദൈർഘ്യമുള്ള അഖണ്ഡ പ്രാർത്ഥന ഒക്ടോബർ 26 മുതൽ നവംബർ 1 വരെ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്രസമിതിയുടെ നേതൃത്വത്തിലും എല്ലാ ഭദ്രാസനങ്ങളുടെ ചുമതലയിലും നടക്കും.



അമ്പലപ്പുഴയുടെ പഴയ പേര്?
ചെമ്പകശ്ശേരി

മലയാളത്തിലെ ആദ്യത്തെ മെഗാഹിറ്റ് സിനിമ?
ജീവിത നൗക

## പ്രതിസന്ധി ഘട്ടങ്ങളിൽ സമൂഹത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ യുവജനങ്ങൾക്ക് കഴിയണം

ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത



വെണ്മണി : പ്രതിസന്ധി ഘട്ടങ്ങളിൽ സമൂഹത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് സ്വയം വെളിച്ചമായി പ്രകാശിക്കുവാൻ യുവജനങ്ങൾക്ക് കഴിയണമെന്ന് ഒ.സി.വൈ.എം. കേന്ദ്ര പ്രസിഡന്റ് ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് പറഞ്ഞു. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം യുവജനവാരം കേന്ദ്ര തല ഉദ്ഘാടനം വെണ്മണി സെന്റ്മേരീസ് പള്ളിയിൽ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര ജനറൽ സെക്രട്ടറി ഫാ.അജി കെ.തോമസ് അദ്ധ്യക്ഷത വഹിച്ചു. ജോൺ ദാനിയേൽ കോർ-എപ്പിസ്കോപ്പാ, കെ.ഒ.ഫിലിപ്പ് കോർ-എപ്പിസ്കോപ്പാ, വികാരി ഫാ.സ്റ്റീഫൻ വർഗ്ഗീസ്, ഫാ.തോമസ് കൊക്കപ്പറമ്പിൽ, ഫാ.നൈനാൻ ഈശോ കെ., ഒ.സി.വൈ.എം കേന്ദ്ര ട്രഷറാർ ജോജി പി.തോമസ്, ഭദ്രാസന സെക്രട്ടറി റോബിൻ ജോ വർഗ്ഗീസ്, റിജോഷ് ഫിലിപ്പ്, സജുജോൺ, നീതാ മാത്യു, അബു എബ്രഹാം എന്നിവർ പ്രസംഗിച്ചു.

## യുവജനവാരം സമാപിച്ചു



പാണ്ടനാട് : നന്മയായി തീരുന്ന യുവജനങ്ങൾ സമൂഹത്തിന്റെ മുഖമുദ്രയാണെന്ന് അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം യുവജനവാരം കേന്ദ്രതല സമാപന സമ്മേളനം പാണ്ടനാട് മാർ ഒസ്താത്തിയോസ് ശാന്തിതീരം വൃദ്ധസദനത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒ.സി.വൈ.എം കേന്ദ്ര പ്രസിഡന്റ് ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. മിഷൻ ബോർഡ് പ്രസിഡന്റ് ഡോ.യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്ത, ഒ.സി.വൈ.എം വൈസ്പ്രസിഡന്റ് ഫാ.വർഗ്ഗീസ് ടി.വർഗ്ഗീസ്, ജനറൽ സെക്രട്ടറി ഫാ.അജി കെ.തോമസ്, ഫാ.ശാമുവേൽ, ഫാ.ജാൾസൺ പി.ജോർജ്ജ്, ട്രഷറർ ജോജി പി.തോമസ്, കേന്ദ്ര റീജിയണൽ സെക്രട്ടറിമാരായ മത്തായി ടി. വർഗ്ഗീസ്, സോഹിൽ വി. സൈമൺ, റോയി തങ്കച്ചൻ, കേന്ദ്ര സെക്രട്ടറിമാരായ ഷിജോ കെ. മാത്യു, നിതിൻ മണക്കാട്ടു മണ്ണിൽ, സിബിൻ തേവലക്കര, ജോബി റ്റി. ലാൽ, എക്സിക്യൂട്ടീവ് സമിതിയംഗങ്ങളായ നിബിൻ നല്ലവീട്ടിൽ, മിന്റാമറിയം വർഗ്ഗീസ്, അരുൺ വിജോയി, റിനോ രാജൻ എന്നിവർ പ്രസംഗിച്ചു.

## ഉരുൾപൊട്ടൽ മേഖലകളിൽ കൈത്താങ്ങായി ഒ.സി.വൈ.എം.

ഓഗസ്റ്റ് മാസത്തിൽ കേരളത്തിന്റെ വടക്കൻ പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടൽ മേഖലകൾ യുവജനപ്രസ്ഥാനം പ്രസിഡന്റ് അഭി.ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ കേന്ദ്ര ഭാരവാഹികളും മലബാർ ഭദ്രാസനത്തിലെ വൈദികരും യുവജനപ്രസ്ഥാനം ഭാരവാഹികളും ചേർന്ന് സന്ദർശിച്ചു. കാരുണ്യ ഗൈഡൻസ് സെന്റർ, മാവേലിക്കര ഭദ്രാസന ഒ.സി.വൈ.എം എന്നിവർ നൽകിയ തുകകൾ, നിലമ്പൂർ, കവളപ്പാറ, പരുത്തിമല, കരിമ്പ എന്നീ സ്ഥലങ്ങളിലെ സ്ലീബാ ദാസ കുടുംബങ്ങൾ ഉൾപ്പെടെ അഭി.തിരുമേനി ഓരോ ഭവനങ്ങൾ സന്ദർശിച്ചു സഹായം നൽകി. ആ മേഖലയിൽ യൂണിറ്റ് ഭദ്രാസന റീജിയണൽ പ്രവർത്തകർ ആവശ്യമായ സാധനങ്ങളും സാമ്പത്തിക സഹായവും നൽകി.

ദുരിതമേഖലകളിൽ ഭവനങ്ങളും കൃഷിയിടവും നഷ്ടപ്പെട്ടവരെ സഹായിക്കുന്നതിനായി കൈത്താങ്ങ് 2019 യുവജന ദശാംശപദ്ധതി രൂപീകരിച്ചു. ഒരാഴ്ച യൂണിറ്റുയോഗം കൂടുമ്പോൾ ലഭിക്കുന്ന സ്തോത്രകാഴ്ച, എല്ലാവർഷവും കേന്ദ്രസമിതിയംഗങ്ങൾ നൽകുന്ന ദശാംശം, ഗൾഫ് മേഖലയിലെ പ്രവർത്തകരുടെ ദശാംശം എന്നിവ സ്വീകരിച്ച് സാമ്പത്തിക സമാഹരണം നടത്തി ദുരിതം അനുഭവിക്കുന്ന യുവജനപ്രസ്ഥാനം പ്രവർത്തകർക്ക് നൽകുന്നതാണ്.

## നിണം നിരണം 19 - അതിജീവന പദയാത്ര



പരുമല : രക്തദാന ബോധവൽക്കരണ യജ്ഞത്തിന്റെ ഭാഗമായി ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം നിരണം ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ അതിജീവന പദയാത്ര സംഘടിപ്പിച്ചു. OCYM പ്രസിഡന്റ് ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് പദയാത്ര നയിച്ചു. കടപ്രഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷിബു വർഗ്ഗീസ് ഫ്ളാഗ് ഓഫ് ചെയ്തു. വിവിധ കേന്ദ്രങ്ങളിൽ ഡോ. മനു ഉമ്മൻ, ഫാ. വൈ.മത്തായിക്കുട്ടി, അലക്സാണ്ടർ പി.ജോർജ്ജ്, ജോ ഇലഞ്ഞിമൂട്ടിൽ, സജി മാമ്പ്രക്കുഴി, അലക്സ് മണപ്പുറത്ത് എന്നിവർ സന്ദേശങ്ങൾ നൽകി. ഫാ.ജോർജ്ജ് പനയ്ക്കാമറ്റം, ഫാ.പി.കെ ഗീവറുഗ്ഗീസ്, ഫാ.വർഗ്ഗീസ് മാത്യു, ഫാ.ഗീവർഗ്ഗീസ് വർക്കി, ഫാ.സിജു കോശി, OCYM ഭാരവാഹികളായ തോമസ് ചാക്കോ, അഭിലാഷ് തോമസ്, നിമ്മി എലിസബേത്ത്, അജോ ജോൺ, ജോജി ജോർജ്ജ്, കെവിൻ ടോം എന്നിവർ നേതൃത്വം നൽകി.

തുടർന്ന് നടന്ന യുവജനവാര സമാപന പൊതുസമ്മേളനം ആന്റോ ആന്റണി എം.പി. ഉദ്ഘാടനം ചെയ്തു. ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അദ്ധ്യക്ഷത വഹിച്ചു. രക്തദാന സന്നദ്ധ സേന ഡയറക്ടറി മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രി സി.ഇ.ഒ. ഫാ. എം.സി പൗലോസിന് നൽകി പ്രകാശനം ചെയ്തു. ഡോ.ലിന്റ തമ്പി മുഖ്യസന്ദേശം നൽകി. ഒ.സി.വൈ.എം. കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ്, ട്രഷറർ ജോജി പി. തോമസ്, ഫാ.എം.സി കുറിയാക്കോസ്, കേന്ദ്ര റീജിയണൽ സെക്രട്ടറി മത്തായി റ്റി.വർഗ്ഗീസ്, ഭദ്രാസന ജനറൽ സെക്രട്ടറി ജിജോ ഐസക്ക്, ഡോ. കുറിയാക്കോസ് കൊച്ചേരിൽ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.



മാൻഹട്ടൻ പദ്ധതിയ്ക്ക് നേതൃത്വം നൽകിയത്?
ഓപ്പൻ ഹൈമർ

അധ:സ്ഥിത സമുദായങ്ങളെ ഒന്നിപ്പിക്കുക എന്ന ലക്ഷ്യത്തോടെ
പണ്ഡിറ്റ് കറുപ്പൻ രചിച്ച കാവ്യം?
ജാതിക്കുമ്മി

# പ്രതിസന്ധികളെ സർഗ്ഗശേഷികൊണ്ട് പ്രകാശമാക്കി മാറ്റണം

ബ്ലസി (സംവിധായകൻ)

ചെന്നിത്തല : പ്രതിസന്ധികളെ വൈകാരികമായി നേരിടാതെ അവയെ പ്രകാശം പരത്തുന്ന അനുഭവങ്ങളാക്കണമെന്ന് നിരണം ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ വാർഷികം ഉദ്ഘാടനം ചെയ്തുകൊണ്ട് സംവിധായകൻ ബ്ലസി പറഞ്ഞു. നിരണം ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.



അസ്സോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ മുഖ്യപ്രഭാഷണം നടത്തി. ഡോ.റ്റിജു തോമസ് ഐ.ആർ.എസ്, ഫാ.ഡോ.ജോൺ കരിങ്ങാട്ടിൽ എന്നിവർ മാധ്യമ ബോധവത്ക്കരണ സെമിനാറിന് നേതൃത്വം നൽകി. വൈസ് പ്രസിഡന്റ് വർഗ്ഗീസ് റ്റി.വർഗ്ഗീസ് ചിന്താവിഷയം അവതരിപ്പിച്ചു. പ്രസ്തുത സമ്മേളനത്തിൽ മാർ ഒസ്താത്തിയോസ് ജന്മശതാബ്ദി ഡോക്യുമെന്ററി മത്സരങ്ങളിൽ സമ്മാനം നേടിയ കല്ലൂപ്പാറ സെന്റ്തോമസ്, ചെന്നിത്തല സെന്റ് ജോർജ്ജ്, ഡാണാപ്പടി സെന്റ്ജോർജ്ജ് എന്നീ യൂണിറ്റുകൾക്ക് പുരസ്ക്കാരം നൽകി. ചെന്നിത്തല സെന്റ്ജോർജ്ജ് യുവജനപ്രസ്ഥാനത്തിന്റെ ജീവ കാരുണ്യ പദ്ധതി ജീവസ്പർശം ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ഉദ്ഘാടനം ചെയ്തു.

# ഡൽഹി ഭദ്രാസന യുവജനപ്രസ്ഥാനം വാർഷിക സമ്മേളനം




ന്യൂഡൽഹി/മീററ്റ് : മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ യുവജന പ്രസ്ഥാനം ഡൽഹി ഭദ്രാസനത്തിന്റെ നേതൃത്വ ത്തിൽ നടക്കുന്ന വാർഷിക സമ്മേളനം ഡൽഹി ഭദ്രാസനാധിപൻ അഭി. ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ് മെത്രാപ്പോലിത്താ ഉത്ഘാടനം ചെയ്തു. റവ. ഫാ. അജി കെ തോമസ് (അഖില മലങ്കര ഓർത്തഡോക്സ് യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി) ഡൽഹി ഭദ്രാസന സെക്രട്ടറി റവ. ഫാ. സജി യോഹന്നാൻ, യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ് റവ. ഫാ. റ്റി ജെ. ജോൺസൺ, മീററ്റ് ഇടവക വികാരി റവ. ഫാ. യാക്കൂബ് ബേബി, അജി വർഗ്ഗീസ് (കൗൺസിലർ), ഡൽഹി ഭദ്രാസനയുവജനപ്രസ്ഥാനം സെക്രട്ടറി അഡ്വ റോബിൻ രാജു ജോയിന്റ് സെക്രട്ടറി ഷിജു ദാനിയേൽ, ട്രഷറാർ സിബി, കേന്ദ്ര സമിതി അംഗങ്ങൾ ഷിജു ,ആനി സന്തോഷ് ഭദ്രാസന ഭാരഭാഹികൾ എന്നിവർ നേതൃത്വം നൽകി. രണ്ടു ദിവസങ്ങളിലായി നടന്ന സമ്മേളനത്തിൽ യേശുവിനെ നോക്കുക എന്ന ചിന്താവിഷയം അടിസ്ഥാനമാക്കി ജനറൽ സെക്രട്ടറി ഫാ. അജി കെ.തോമസ്, കൗൺസിലർ അജി വർഗീസ് ബത്തേരി എന്നിവർ ക്ലാസുകൾ നയിച്ചു .വിവിധ ഇടവകളിൽ നിന്നും യൂണിറ്റ് അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചു .



ആദ്യത്തെ ഫുട്ബോൾ ലോകകപ്പ് വിജയി?
ഉറുഗ്വേ

# സ്നേഹ സ്പർശം : ദുരിതബാധിതർക്ക് ഒരു കൈത്താങ്ങ്



ചെങ്ങന്നൂർ ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ വടക്കൻ ജില്ലകളിൽ ദുരിത ബാധിതർക്ക് സഹായം ചെയ്യു വാൻ ചെങ്ങന്നൂർ ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ സ്നേഹ സ്പർശം 2019 ദുരിതബാധിതർക്ക് ഒരു കൈത്താങ്ങ് വിജയകരമായി പൂർത്തികരിച്ചു. ഏക ദേശം 8 ലക്ഷം രൂപയുടെ സഹായം ചെയ്തു. വണ്ടിയുടെ ഫ്ളാഗ്ഓഫ് കർമ്മം ചെങ്ങന്നൂർ ഭദ്രാസന സഹായ മെത്രാപ്പോലിത്ത അഭി.ഡോ.മാത്യൂസ് മാർ തീമോത്തിയോസ് നിർവഹിച്ചു.

# യുവജന വാരാഘോഷം നടത്തി

യുവജന വാരാഘോഷങ്ങളുടെ ഭാഗമായ ശ്രാവണ പുലരി 2019 ഓണാഘോഷപരിപാടിയും,അഖില മലങ്കര വടംവലി മത്സരംവും നടത്തി. 2019 സെപ്റ്റംബർ 12 ആം തീയതി രാവിലെ 8.30 മുതൽ കൂർത്തമല ഗ്ലോറിയ ഭവനിൽ വച്ച് ഓണാഘോഷപരിപാടി നടത്തപ്പെട്ടു. അഖില മലങ്കര വടംവലി മത്സരം ഉച്ചയ്ക്ക് 3 മണി മുതൽ പുത്തൻകാവിൽ വച്ച് നടത്തപ്പെട്ടു. ശ്രീ.ഒ.എസ്.ഉണ്ണികൃഷ്ണൻ (സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ്) ഓണാഘോഷപരിപാടി ഉദ്ഘാടനം ചെയ്തു. ഓണക്കോടി വിതരണം ഫാ.മാത്യു ഏബ്രാഹാം കാരയ്ക്കൽ (ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി) നടത്തി. യുവജനപ്രസ്ഥാനം കേന്ദ്ര ട്രഷറാർ ജോജി.പി.തോമസ് ആശംസകൾ അറിയിച്ചു.


Mar Baselios Orthodox Christian Youth Movement
St.George Orthodox Syrian Church - Meleparayil
(Kunnamkulam Diocese)

പരിശുദ്ധ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ സ്ഥാനാരോഹണ നവതിയോടനുബന്ധിച്ച് യുവജനങ്ങൾക്കായി ഒരു ഉപന്യാസ മത്സരം അഖില മലങ്കര അടിസ്ഥാന ത്തിൽ നടത്തപ്പെടുന്നു. ആ ഇടവകയിൽനിന്ന് ഉപന്യാസ രചനകൾ തയ്യാറാക്കി അയക്കണമെന്ന് പ്രത്യേകം താൽപര്യപ്പെടുന്നു.

പ്രസിഡന്റ് / വികാരി
ഫാ.ഗീവർഗ്ഗീസ് ജോൺസൺ

വിഷയം: പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായും, മലങ്കരസഭയുടെ സ്വാതന്ത്ര്യബോധവും.

1. ഉപന്യാസം 15 പേജിൽ കുറയാതെ ഉള്ളതായിരിക്കണം.
2. യുവജനപ്രസ്ഥാന അംഗമാണ് എന്നുള്ള വികാരിയുടെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം.
3. ഉപന്യാസ രചയിതാവിന്റെ പേര്, പൂർണ്ണമായ അഡ്രസ്, ഫോൺനമ്പർ എന്നിവ ഉണ്ടായിരിക്കണം.
4. ഒന്നാം സമ്മാനം 5001 രൂപ + ട്രോഫി
   രണ്ടാം സമ്മാനം 3001 രൂപ + ട്രോഫി
   മൂന്നാം സമ്മാനം 2001 രൂപ + ട്രോഫി
5. ഉപന്യാസരചനകൾ 2019 നവംബർ 30-ാം തിയതിക്കകം മേലേപാറയിൽ സെന്റ് ജോർജ്ജ് ഇടവക യുവജനപ്രസ്ഥാനം സെക്രട്ടറിയുടെ പക്കൽ നേരിട്ടോ, തപാൽ വഴിയോ എത്തിക്കുക.

രചനകൾ അയക്കേണ്ട വിലാസം :
Mr. Sinju Sajin .P
Paravalappil House, Neppens Lane, Calicut Road,
Kunnamkulam, Thrissur, Kerala - 680503
Ph: 7558866553

6. മത്സര വിജയികൾക്ക് 2020 ജനുവരി 3-ാം തിയതി മേലേപാറ സെന്റ് ജോർജ്ജ് ഇടവകയിലെ പരിശുദ്ധ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചുള്ള വി.കുർബ്ബാനയ്ക്ക് ശേഷം സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്.

Advt.


അന്താരാഷ്ട്ര സിവിൽ വ്യോമയാന സംഘടനയുടെ ആസ്ഥാനം?
മോൺട്രിയൽ

പിൻമൊഴി

# സഭയെ തകർക്കാൻ ആര് ശ്രമിച്ചാലും സ്വയം തകരും: പരിശുദ്ധ കാതോലിക്കാ ബാവാ



തൃശൂർ: മലങ്കര ഓർത്തഡോക്സ് സഭയെ തകർക്കാൻ വ്യക്തിയോ പ്രസ്ഥാനമോ സർക്കാരോ രാഷ്ട്രീയ പാർട്ടിയോ ആരുതന്നെ ശ്രമിച്ചാലും അവ സ്വയം തകരുന്ന കാഴ്ചയാണ് നാമിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നതെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ വടക്കൻ മേഖലാ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു പരിശുദ്ധ പിതാവ്.

## ഒരു ദിവസം

ഒരു വയോധികയുടെ മനോഹരമായ ചിത്രം പൗലോകെയ്ലേ പറയുന്നുണ്ട് അവരുടെ പ്രതിദിന സന്തോഷത്തിന്റെ കാരണം ഒരു മാജിക് കലണ്ടർ ആണെന്ന് ആ സ്ത്രീ പറയുകയാണ്. ആ കലണ്ടറിന്റെ പ്രത്യേകത, ഓരോ ദിവസത്തെയും പ്രത്യേകത അതിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നതാണ്. ഓരോ ദിവസവും അതിൽ നോക്കുമ്പോൾ അവർക്ക് വലിയ സന്തേഷമാണ്; പ്രത്യാശയുടെ നന്മയുടെ ദിനങ്ങൾ അരികിലുണ്ടല്ലോ എന്ന യാഥാർത്ഥ്യം.

ഈ നവംബർ നമ്മെ ഓർമ്മിപ്പിക്കുന്നത് അങ്ങനെയുള്ള ഒരുദിവസത്തെപ്പറ്റിയാണ്. പരുമല ദ്വീപിൽ ഉദിച്ചുയർന്ന് ലോകത്തിനു മുഴുവൻ വിശുദ്ധിയുടെ പ്രകാശം വിതറിയ തപോധനന്റെ, ആ പുണ്യപിതാവിന്റെ പുണ്യപാതകളെ നമുക്കു പിന്തുടരാം. ജീവിതത്തിൽ പരാജയപ്പെടുമ്പോൾ പ്രതീക്ഷയോടെ ലോകത്തെ നോക്കുവാൻ നന്മകളെ കാണുവാൻ നമ്മെ പ്രേരിപ്പിക്കട്ടെ. ഓരോ ദിനങ്ങളും അതിന്റെ നന്മകളും.

യുവജനം മാസിക പരുമല പെരുന്നാളിനു പുറത്തിറങ്ങുമ്പോൾ സഹകരിച്ച ഏവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. പുതുമകളോടെ ജീവിതത്തെ കാണുവാൻ സാധിക്കട്ടെ എന്ന പ്രാർത്ഥനയോടെ,



ഫാ.ജോൺ റ്റി. ശാമുവേൽ
പബ്ലിഷർ



വാല സേവാസമിതി സ്ഥാപിച്ചത് എവിടെയാണ്?
വൈക്കം

# 83–ാമത് അന്തർദ്ദേശീയ സമ്മേളനം
## വിവിധ ദൃശ്യങ്ങൾ....




പരിശുദ്ധ പരുമല തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ  അഭയം പ്രാപിച്ചുകൊണ്ട്



**ഐസക് വർഗ്ഗീസ് & ഫാമിലി, കുവൈറ്റ്**
(പാറയ്ക്കാമണ്ണിൽ, മഞ്ഞാടി പി.ഒ., തിരുവല്ല)